VOL NO: 07 I ISSUE 43
www.nerpatham.com
mail@nerpatham.com
2023 OCTOBER 28 I ₹10

# നേർപഥം

വാരിക

# സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും



അതിസങ്കീർണവും ഭാവനാസമ്പൂർണവുമായ പ്രക്രിയയിലൂടെയാണ് സൃഷ്ടിപ്പ് പൂർത്തിയാക്കിയിരിക്കുന്നത്. സ്ഥൂല പ്രപഞ്ചത്തിൽ മാത്രമല്ല, സൂക്ഷ്മലോകത്തിലും ഇതിന്റെ മനോഹാരിത നമുക്ക് ദർശിക്കാനാവും. മനുഷ്യന്റെ ജൈവോൽപത്തിയുമായി ബന്ധപ്പെട്ട പഠനങ്ങൾ ഇക്കാര്യം കൂടുതൽ ബോധ്യപ്പെടുത്തുന്നുണ്ട്. സ്ഥലകാലങ്ങൾക്കതീതനായ സ്രഷ്ടാവിനല്ലാതെ സൃഷ്ടി, സ്ഥിതി, സംഹാരം സാധ്യമല്ല തന്നെ.

## ഭീകരവാദത്തിന്റെ വേരുകൾ തിരയുമ്പോൾ

|| സഹിഷ്ണുതയുടെ മതം

|| ഒരു കുഞ്ഞു വസ്വിയ്യത്ത്

|| വ്യാജ മുദബ്ബിറിന്റെ പേരിൽ അധോഗതിയിലായ സമസ്ത


ഹുസൈൻ സലഫിയുടെ പ്രകാശം പരത്തിയ പ്രവാചകന്മാർ
എന്ന പുസ്തക പരമ്പരയിലെ 830 രൂപ വില വരുന്ന
5 പുസ്തകങ്ങൾ ഇപ്പോൾ വെറും 622 രൂപക്ക്




കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക | Mobile: + 91 73567 66478 | Whatsapp: 73567 66478

WISDOM BOOKS

PUBLISHING | DISTRIBUTION
WISDOM BOOKS, E.K.P. Building, Calicut
www.wisdomislam.org publication@wisdomislam.org
0495 4019437 73567 66478



MERCHANT NAME: WISDOM BOOKS AND PUBLICATIONS
UPI ID: WISDOMBOOKS@SBI
SCAN & PAY

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 01. | ആരാധനകളുടെ ആത്മാവ് | ശമീർ മദീനി |
| 02. | വിശ്വാസത്തിന്റെ അടിത്തറ ഭാഗം 2 | ഉമർ കോയ മദീനി |
| 03. | പ്രകാശം പരത്തിയ പ്രവാചകന്മാർ/ഭാഗം 5 | ഹുസൈൻ സലഫി |
| 04. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 05. | പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. | സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 07. | മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 08. | വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 09. | ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 10. | പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ. അബ്ദുല്ലത്തീഫ് മദനി |

0353

# നേർപഥം

വാരിക

2023 ഒക്ടോബർ 28
1445 റ.ആഖിർ 13
പുസ്തകം 07 / ലക്കം 43




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/nerpatham weekly



കവർ സ്റ്റോറി 10
സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും
ഡോ. ഷാനവാസ് യു.എസ്.എ

മുഖമൊഴി
05 സഹിഷ്ണുതയുടെ മതം

ലേഖനം
26 യഹൂദർ: ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും-2
ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ

ലേഖനം
06 ഭീകരവാദത്തിന്റെ വേരുകൾ തിരയുമ്പോൾ
ശമീർ മദീനി

ക്വുർആൻ ദർശനം
31 സൂറ: അസ്സുമർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

വിമർശനം
18 വ്യാജ മുദബ്ബിറിന്റെ പേരിൽ അധോഗതിയിലായ സമസ്ത
മൂസ സ്വലാഹി കാര

നിയമപഥം
33 പൊലീസ് വകുപ്പിന്റെ ഘടന
അബൂ ആദം അയ്മൻ

ലേഖനം
23 ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ-05
സുഫ്‌യാൻ അബ്ദുസ്സലാം

കവിത
34 ഒരു കുഞ്ഞു വസ്വിയ്യത്ത്
ഹുസ്ന മലോറം



## വായന നിലനിർത്തുന്നതിലൂടെ മാത്രമെ യഥാർഥ നവോത്ഥാനം സാധ്യമാകൂ: നേർപഥം ക്യാമ്പ്

കോഴിക്കോട്: വായനയിലൂടെ മാത്രമെ യഥാർഥ സാമൂഹിക നവോത്ഥാനവും വിമലീകരണവും സാധ്യമാകൂ എന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച നേർപഥം ഓറിയന്റേഷൻ ക്യാമ്പ് അഭിപ്രായപ്പെട്ടു.

പുസ്തകവായനയും ആനുകാലിക വായനയും നിലച്ചാൽ സമൂഹത്തിൽ അസ്തിത്വ പ്രതിസന്ധി സൃഷ്ടിക്കപ്പെടുമെന്ന് ക്യാമ്പ് അഭിപ്രായപ്പെട്ടു. കൊച്ചു കുട്ടികളിൽ ഓൺലൈൻ വായനക്കു പകരം പ്രിന്റ് പുസ്തകങ്ങളുടെ വായനാശീലം വളർത്തിയെടുക്കാൻ രക്ഷിതാക്കളും അധ്യാപകരും ശ്രമിക്കണമെന്നും ക്യാമ്പ് ആവശ്യപ്പെട്ടു. ഫലസ്തീൻ ജനതയുടെ നീതിക്കുവേണ്ടി നിലകൊള്ളാൻ എല്ലാവർക്കും സാധിക്കേണ്ടതുണ്ടെന്നും ക്യാമ്പ് അഭിപ്രായപ്പെട്ടു.

കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം സംസ്ഥാന ട്രഷറർ കെ. സജ്ജാദ് അധ്യക്ഷത വഹിച്ചു. കേരള പത്രപ്രവർത്തക യൂണിയൻ മുൻ സംസ്ഥാന പ്രസിഡന്റ് കമാൽ വരദൂർ മുഖ്യാതിഥിയായിരുന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, സെക്രട്ടറി നാസിർ ബാലുശ്ശേരി, പ്രൊഫ. ഹാരിസ് ബിൻ സലിം, നേർപഥം ചീഫ് എഡിറ്റർ അനിൽ പ്രിംറോസ്, മുജീബ് ഒട്ടുമ്മൽ, അശ്റഫ് കല്ലായി, അജ്മൽ ഫൗസാൻ, ഉമർ ഫാറൂഖ് പി.ഒ തുടങ്ങിയവർ പങ്കെടുത്തു.

## ധാർമികചിന്ത വളർത്തുന്നതിൽ മദ്റസകൾ വഹിക്കുന്ന പങ്ക് നിസ്തുലം:

### വിസ്ഡം മദ്റസ മാനേജ്മെന്റ് പ്രതിനിധി സമ്മേളനം

കോഴിക്കോട്: മദ്റസ പ്രസ്ഥാനത്തിന്റെ നവീകരണവും ആധുനികവൽക്കരണവും മാനേജ്മെന്റുകൾ മുഖ്യ അജണ്ടയായി കാണണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച മദ്റസ മാനേജ്മെന്റ് പ്രതിനിധിസമ്മേളനം ആവശ്യപ്പെട്ടു. മദ്റസ പ്രസ്ഥാനത്തെ വ്യാജ ആരോപണങ്ങൾ ഉന്നയിച്ച് തകർക്കാനുള്ള നീക്കങ്ങളെ ചെറുക്കണം. പുതിയ തലമുറയിൽ പൗരബോധവും ധാർമിക ചിന്തയും വളർത്തിയെടുക്കുന്നതിൽ മദ്റസ പ്രസ്ഥാനത്തിന് വലിയ പങ്കുണ്ടെന്നും പ്രതിനിധി സമ്മേളനം പ്രസ്താവിച്ചു.

പി.ടി.എ റഹീം എം.എൽ.എ ഉദ്ഘാടനം ചെയ്തു. വിസ്ഡം എഡ്യുക്കേഷൻ ബോർഡ് ചെയർമാൻ ഹുസൈൻ കാവനൂർ അധ്യക്ഷത വഹിച്ചു. വിസ്ഡം സംസ്ഥാന വൈസ് ചെയർമാൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, നാസിർ ബാലുശ്ശേരി, പ്രൊഫ. ഹാരിസ് ബിൻ സലീം, റശീദ് മാസ്റ്റർ കാരപ്പുറം, മുജീബ് ഒട്ടുമ്മൽ, പി.കെ അംജദ്, ഡോ. ഷിയാസ് സ്വലാഹി, യാസർ സ്വലാഹി എന്നിവർ പ്രസംഗിച്ചു.

# സഹിഷ്ണുതയുടെ മതം

ഹമാസ് പോരാളികൾ ഇസ്രായേലിനെതിരെ ആക്രമണം നടത്തിയതിനുശേഷം ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായുള്ള സോഷ്യൽ മീഡിയ ആക്രമണങ്ങൾ വർധിച്ചിരിക്കുകയാണ്. തീവ്രവാദം, ഭീകരവാദം, അസഹിഷ്ണുക്കളായ ചോരക്കൊതിയന്മാർ, മറ്റു മതക്കാരെ കൊല്ലാൻ നടക്കുന്നവർ... തുടങ്ങി പതിവു മസാലകളെല്ലാം ചേർത്താണ് ആക്രമണം കൊഴുപ്പിക്കുന്നത്. കേരളത്തിൽ ഇതിൽ പരസ്പരം മൽസരിക്കുന്നത് 'കാസ' എന്ന പേരിൽ പ്രവർത്തിക്കുന്ന, സോഷ്യൽ മീഡിയയിൽ 'ക്രിസംഘികൾ' എന്നറിയപ്പെടുന്ന അസഹിഷ്ണുക്കളുടെ കൂട്ടവും പിന്നെ സാക്ഷാൽ സംഘപരിവാരങ്ങളുമാണ്.

എന്താണ് ഇസ്‌ലാം എന്നും ആരാണ് യഥാർഥ മുസ്‌ലിംകൾ എന്നും മനസ്സിലാക്കിയവരിൽനിന്ന് ഇത്തരം ആരോപണങ്ങൾ ഉണ്ടാകാൻ വഴിയില്ല. എന്നാൽ അന്ധമായ എതിർപ്പും ശത്രുതയും മനസ്സിൽ കൊണ്ടുനടക്കുന്നവരുടെ അവസ്ഥ അതല്ല. അവരുടെ ലക്ഷ്യം വേറെയാണ്. അതിനാൽ അവർ ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ടേയിരിക്കും.


ഇസ്‌ലാമിന്റെ ഏറ്റവും ഉന്നതവും ഉദാത്തവുമായ മാതൃകാ സമൂഹമായി അറിയപ്പെടുന്ന മുഹമ്മദ് നബി(സ്വ)യുടെയും സ്വഹാബികളുടെയും കാലഘട്ടം പരിശോധിച്ചാൽ മാനുഷികമായ സഹവർത്തിത്വത്തിന്റെയും സഹിഷ്ണുതയുടെയും മാതൃകകളാണ് നമുക്ക് കാണാൻ കഴിയുക.

ആദർശപരമായ വിയോജിപ്പുകൾ നിലനിർത്തിക്കൊണ്ടുതന്നെ മാനുഷികമായ ബന്ധങ്ങളും പരിഗണനകളും കാത്തുസൂക്ഷിക്കുവാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. നബി(സ്വ)യും അബൂബക്റും(റ) ഹിജ്റ പോകുമ്പോൾ വഴികാട്ടിയായി സ്വീകരിച്ചത് മുസ്‌ലിമല്ലാത്ത ഒരു വ്യക്തിയെയായിരുന്നു. മദീന കാലഘട്ടത്തിൽ ജൂത-ക്രൈസ്തവരുമായി സ്നേഹബന്ധത്തിലും സൗഹൃദ ചർച്ചകളിലും ഏർപ്പെടുവാൻ നബി(സ്വ) മടികാണിച്ചിരുന്നില്ല. നബി(സ്വ) തന്റെ പടയങ്കി ഒരു ജൂതന്റെ പക്കൽ പണയം വെച്ച സംഭവം പ്രസിദ്ധമാണ്.

എന്നാൽ അതൊന്നും ആദർശം ബലികഴിച്ചുകൊണ്ടായിരുന്നില്ല. മറ്റു മതസ്ഥരുമായി യാതൊരു ബന്ധവും സഹകരണവും പാടില്ലെന്ന നിലപാട് സ്വീകരിച്ചവരും ആദർശം ബലികഴിച്ചിട്ടാണെങ്കിലും എല്ലാ കാര്യങ്ങളിലും സഹകരിക്കണമെന്ന് പറയുന്നവരും വാസ്തവത്തിൽ ഇസ്‌ലാമിക നിലപാടുകാരല്ല. അവിശ്വാസികളായ മാതാപിതാക്കളോട് ഒരു മുസ്‌ലിമിന്റെ സമീപനം എന്തായിരിക്കണം എന്ന് വ്യക്തമാക്കുന്ന ക്വുർആൻ വചനം ഇത് വ്യക്തമാക്കുന്നുണ്ട്:

"നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് പങ്ക് ചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്നെ നിർബന്ധിച്ചാൽ അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ല നിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ സ്വീകരിക്കുകയു ചെയ്യുക"(ക്വുർആൻ 31:15).

അയൽവാസി വിശന്നിരിക്കുമ്പോൾ വയർ നിറച്ച് ആഹരിക്കുന്നവൻ എന്നിൽ പെട്ടവനല്ല എന്ന് പറഞ്ഞ നബി(സ്വ) ആ അയൽവാസിയുടെ ജാതിയും മതവും നോക്കാൻ പറഞ്ഞിട്ടില്ല. ഉപദ്രവിച്ചവരോടു പോലും നല്ലനിലയിൽ പെരുമാറുകയും മാപ്പ് നൽകുകയും ചെയ്ത മുഹമ്മദ് നബി(സ്വ) യുടെ മാർഗം പിൻപറ്റി ജീവക്കുന്ന ആർക്കും സഹിഷ്ണുതയില്ലാതെ ജീവിക്കുവാൻ കഴിയില്ല. ആ മാതൃക പിൻപറ്റിക്കൊണ്ട് മുസ്‌ലിംകൾ ജീവിച്ചാൽ ഇസ്‌ലാം സഹിഷ്ണുതയുടെ മതമാണന്ന് എല്ലാവരും അംഗീകരിക്കുമെന്നതിൽ യാതാരു സംശയവുമില്ല.



# ഭീകരവാദത്തിന്റെ വേരുകൾ തിരയുമ്പോൾ

ശമീർ മദീനി
:9048 221 212

ഭീകര പ്രവർത്തനം ഒരു മഹാദുരന്തമാണ്. ഏതെങ്കിലും ഒരു പ്രദേശത്ത് ഒരു ഭീകരാക്രമണം നടന്നാൽ എത്ര നിരപരാധികളായിരിക്കും കൊല്ലപ്പെടുന്നത്! മാരകമായ പരിക്കുകളോടെ, ജീവിതത്തിന്റെ ബാക്കി ഭാഗം ജീവച്ഛവങ്ങളായി കഴിച്ചുകൂട്ടേണ്ടി വരുന്നവരുടെ എണ്ണവും അംഗവൈകല്യങ്ങൾകൊണ്ട് ശിഷ്ട ജീവിതത്തിൽ കഷ്ടപ്പെടുന്നവരും കുറവായിരിക്കില്ല. വീടുകളും സ്ഥാപനങ്ങളുമടക്കം കെട്ടിട സമുച്ചയങ്ങൾ തകർന്ന് വീഴുമ്പോൾ കോടികളുടെ സാമ്പത്തിക നഷ്ടവും സംഭവിക്കുന്നു. വ്യക്തികൾക്കും സമൂഹങ്ങൾക്കുമൊക്കെ നഷ്ടം മാത്രം സമ്മാനിക്കുകയും സ്വസ്ഥതയും സമാധാനവും ഇല്ലാതാക്കുകയും ചെയ്യുന്ന ക്രൂരകൃത്യമാണ് ഭീകരാക്രമണങ്ങൾ. അത്തരം പ്രവർത്തനങ്ങൾ ആരു നടത്തിയാലും അതിനെ മുഖം നോക്കാതെ എതിർക്കാനും യഥാർഥ ഉത്തരവാദികളെ കണ്ടെത്താനും അതിനെതിരിൽ മാതൃകാപരമായ നടപടികളെടുക്കാനും സാധിക്കേണ്ടതുണ്ട്. എന്നാൽ ഭീകരാക്രമണത്തിന്റെ പിതൃത്വം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മേൽ അന്ധമായി കെട്ടിയേൽപിക്കുന്ന നിരുത്തരവാദപരവും അന്യായവുമായ സമീപനമാണ് കഴിഞ്ഞ കുറേ കാലമായി നാം കണ്ടു കൊണ്ടിരിക്കുന്നത്.



## ഫലപ്രദമായ ചികിത്സ

ഭീകരപ്രവർത്തനങ്ങളുടെ കാരണങ്ങളും ഉറവിടങ്ങളും വസ്തുനിഷ്ഠമായി പരിശോധിച്ച് അതിന്റെ അടിവേരുകൾ കണ്ടെത്തി പിഴുതെടുത്ത് നശിപ്പിക്കുമ്പോൾ മാത്രമെ അതിൽനിന്നുള്ള പരിപൂർണമായ മോചനം സാധ്യമാവുകയുള്ളൂ. ഭീകരാക്രമണം എവിടെ നടന്നാലും അതിനെ ഇസ്‌ലാമിന്റെ അക്കൗണ്ടിലേക്ക് വരവുവെക്കാൻ മത്സരിക്കുന്ന പലരുമുണ്ട്. പിറന്ന മണ്ണിന്റെ മോചനത്തിനും സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുന്നതിനുമായി ഫലസ്തീനികൾ നടത്തുന്ന പോരാട്ടങ്ങളെ ഒരു സ്വാതന്ത്ര്യ സമര പോരാട്ടം എന്നതിലപ്പുറം ഭീകരതയായി ചിത്രീകരിക്കുന്ന വാർത്താ മാധ്യമങ്ങളെയും വ്യക്തികളെയും നമുക്ക് കാണാനാകും. അതോടൊപ്പം അതിനെതിരിലിലുള്ള സിയോണിസ്റ്റ് അതിക്രമങ്ങളെ മയപ്പെടുത്തുകയും മഹത്ത്വവൽകരിക്കുകയും ചെയ്യുന്നുമുണ്ട് അക്കൂട്ടർ. ഇതെല്ലാം ഫാസിസ്റ്റ് സിയോണിസ്റ്റ് ബാന്ധവങ്ങളിലെ ചില താൽപര്യങ്ങളുടെയും അജണ്ടകളുടെയും ഭാഗമാണെന്നതാണ് സത്യം. മുസ്‌ലിംകളുടെ ന്യായമായ ചെറുത്തുനിൽപുകളെ ഭീകരതയായി വ്യാഖ്യാനിക്കുന്നവർ ജൂത സിയോണിസ്റ്റുകളുടെ ക്രൂരവും നിഷ്ഠൂരവുമായ പരാക്രമങ്ങളെ കാണാതെ പോകുന്നതെന്തുകൊണ്ടാണ്? ഈയടുത്ത കാലത്തായി ഇത്തരക്കാർ പറഞ്ഞുവരുന്ന ഒരു ആഖ്യാനമുണ്ട്; 'എല്ലാ മുസ്‌ലിംകളും ഭീകരവാദികളല്ലായിരിക്കാം; എന്നാൽ എല്ലാ ഭീകരവാദികളും മുസ്‌ലിംകളാണ്' എന്ന വിഷലിപ്തമായ ആഖ്യാനം. (All Muslims may not be terrorists, but all terrorists are Muslims). മുംബൈ ഭീകരാക്രമണത്തിന് ശേഷമാണിത് പരക്കെ ആവർത്തിച്ച് കേട്ടുകൊണ്ടിരിക്കുന്നത്.

എന്നാൽ വസ്തുതകൾ പരിശോധിക്കുമ്പോൾ 'മന്ത് മറ്റേ കാലിലാണ്' എന്ന് ഇത്തരം ഏമാൻമാരോട് വിളിച്ചു പറയേണ്ടി വരും.



## ഭീകരവാദത്തിന്റെ ചരിത്രം

ഏകദേശം പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപകുതിക്ക് ശേഷമാണ് ലോകത്ത് ഭീകരാക്രമണങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടുന്നത്. 1881ൽ റഷ്യയുടെ സാർ അലക്സാണ്ടർ രണ്ടാമനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന മറ്റ് 21 പേരും കൊല്ലപ്പെട്ട ഭീകരാക്രമണവും 1886ൽ ചിക്കാഗോയിൽ നടന്ന മറ്റൊരു ഭീകരാക്രമണവും 19ാം നൂറ്റാണ്ടിലെ കറുത്ത അധ്യായങ്ങളാണ്.

1901ൽ അമേരിക്കൻ വൈസ് പ്രസിഡന്റ് വില്യം മക്കിൻ ലി കൊല്ലപ്പെട്ടതും മറ്റൊരു ഭീകരാക്രമണത്തിലൂടെയായിരുന്നു. ഇത്തരം സംഭവങ്ങളുടെ ചരിത്രങ്ങൾ നിരത്തി തെളിവുസഹിതം പ്രമുഖ ഇന്ത്യൻ ജേണലിസ്റ്റും കോളമിസ്റ്റുമായ ശ്രീ.സ്വാമിനാഥൻ അയ്യർ 2006 ജൂലൈ 23 ന് 'ടൈംസ് ഓഫ് ഇന്ത്യ' യിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. Terrorism is not a Muslim monopoly (ഭീകരവാദം ഒരു മുസ്‌ലിം കുത്തകയല്ല) എന്നതായിരുന്നു അതിന് അദ്ദേഹം നൽകിയ തലക്കെട്ട്.

https://m.timesofindia.com/sa-aiyar/swaminomics/terrorism-is-not-a-muslim-monopoly/articleshow/1794203.cms

അപ്രകാരം തന്നെ ലക്ഷക്കണക്കിനാളുകളുടെ ജീവനപഹരിക്കുകയും അതിലേറെ ആളുകൾക്ക് പരിക്കേൽക്കുകയും കോടിക്കണക്കിന് ഡോളറിന്റെ സാമ്പത്തിക നഷ്ടവും ബാക്കിയാക്കിയ ഒന്നാം ലോക മഹായുദ്ധവും രണ്ടാം ലോക മഹായുദ്ധവും മുസ്‌ലിംകൾ നടത്തിയതായിരുന്നില്ല. ഹിരോഷിമയിലും നാഗസാക്കി

**പിറന്ന മണ്ണിന്റെ മോചനത്തിനും സ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുന്നതിനുമായി ഫലസ്തീനികൾ നടത്തുന്ന പോരാട്ടങ്ങളെ ഒരു സ്വാതന്ത്ര്യ സമര പോരാട്ടം എന്നതിലപ്പുറം ഭീകരതയായി ചിത്രീകരിക്കുന്ന വാർത്താ മാധ്യമങ്ങളെയും വ്യക്തികളെയും നമുക്ക് കാണാനാകും. അതോടൊപ്പം അതിനെതിരിലിലുള്ള സിയോണിസ്റ്റ് അതിക്രമങ്ങളെ മയപ്പെടുത്തുകയും മഹത്ത്വവൽകരിക്കുകയും ചെയ്യുന്നുമുണ്ട് അക്കൂട്ടർ. ഇതെല്ലാം ഫാസിസ്റ്റ് സിയോണിസ്റ്റ് ബാന്ധവങ്ങളിലെ ചില താൽപര്യങ്ങളുടെയും അജണ്ടകളുടെയും ഭാഗമാണെന്നതാണ് സത്യം. മുസ്‌ലിംകളുടെ ന്യായമായ ചെറുത്തുനിൽപുകളെ ഭീകരതയായി വ്യാഖ്യാനിക്കുന്നവർ ജൂത സിയോണിസ്റ്റുകളുടെ ക്രൂരവും നിഷ്ഠൂരവുമായ പരാക്രമങ്ങളെ കാണാതെ പോകുന്നതെന്തുകൊണ്ടാണ്?**

യിലും അണുബോംബ് വർഷിച്ച് ലക്ഷക്കണക്കിനാളുകളെ ഒറ്റ രാത്രികൊണ്ട് കൊന്ന് തള്ളിയതും മുസ്‌ലിംകളിൽപ്പെട്ട ആരുമായിരുന്നില്ല. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷം 1941-1948 കാലയളവിൽ വിവിധ ജൂത ഗ്രൂപ്പുകൾ ഫലസ്തീനിൽ 259 ഭീകരാക്രമണങ്ങൾ നടത്തുകയുണ്ടായി. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുകയാണെന്ന് ഇപ്പോൾ നടക്കുന്ന സംഭവ വികാസങ്ങൾ വിളിച്ചറിയിക്കുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് ഇസ്‌റയേൽ ഗസ്സയിലെ ജനങ്ങൾക്കുമീതെ ടൺ കണക്കിന് ബോംബുകൾ വർഷിക്കുകയുണ്ടായി. പകൽ സമയത്ത് വിദ്യാർഥികൾ റോഡുകളിൽ തിങ്ങിനിറയുന്ന സമയത്തായിരുന്നുവത്രെ ആ ആക്രമണം. അതായത് ഫസ്റ്റ് ഷിഫ്റ്റ് ക്ലാസ് അവസാനിക്കുകയും കുട്ടികൾ പുറത്തിറങ്ങുകയും സെക്കന്റ് ഷിഫ്റ്റിനുള്ള കുട്ടികൾ എത്തുകയും ചെയ്യുന്ന, കുട്ടികളെക്കൊണ്ട് തെരുവുകൾ ജനനിബിഡമാകുന്ന സമയം. അത് കണക്കാക്കിയാണ് ഇസ്‌റായേൽ ബോംബ് വർഷിച്ചത്. പ്രസ്തുത ബോംബ് വർഷത്തിൽ അനേകായിരം കുട്ടികളാണ് മരണപ്പെട്ടത്. കഴിഞ്ഞ ദിവസം ഗസ്സയിലെ അഹ്‌ലിയ ഹോസ്പ്പറ്റിലേക്ക് ബോംബ് വർഷിച്ച് നൂറ് കണക്കിന് നിരപരാധികളെ കൊന്നുകളഞ്ഞതും ലോകം കണ്ടതാണ്. ഇതൊന്നും ഭീകരതയല്ലെങ്കിൽ പിന്നെ എന്താണ് ഭീകരത എന്ന് സിയോണിസ്റ്റ് പേക്കൂത്തുകൾക്ക് കുഴലൂത്ത് നടത്തുകയും ന്യായീകരിക്കുകയും ചെയ്യുന്നവർ വിശദീകരിക്കേണ്ടതുണ്ട്.

## ഭീകരതയെ തോൽപിക്കാൻ

**ഭീകരതക്കെതിരിലുള്ള ഇടപെടലുകൾ ഏകപക്ഷീയമാകുന്നു എന്നത് സങ്കടകരമാണ്. തങ്ങൾക്ക് പ്രിയപ്പെട്ടവർ ചെയ്യുന്ന ഏത് നെറികേടുകളെയും പിന്തുണക്കുകയും അനീതിക്കും അക്രമങ്ങൾക്കും കൂട്ടുനിൽക്കുകയും ചെയ്യുമ്പോൾ അത് മിതവാദികളെ പോലും തീവ്രവാദികളാക്കി മാറ്റിയേക്കാവുന്നതും ഭീകരവാദത്തെയും ഭീകരവാദികളെയും പാലൂട്ടി വളർത്തുന്ന വിധത്തിലുള്ള സമീപനവുമാണെന്ന കാര്യം മറക്കരുത്. ആടിനെ പട്ടിയാക്കാനും എന്നിട്ട് പേപ്പട്ടി എന്ന് അലറിവിളിച്ച് തല്ലിക്കൊല്ലാനും തന്ത്രം മെനഞ്ഞ് കാത്തിരിക്കുന്നവർ ആഗ്രഹിക്കുന്നതും അതുതന്നെയായിരിക്കുമല്ലോ**

ഭീകരതക്കെതിരിലുള്ള ഇടപെടലുകൾ ഏകപക്ഷീയമാകുന്നു എന്നത് സങ്കടകരമാണ്. തങ്ങൾക്ക് പ്രിയപ്പെട്ടവർ ചെയ്യുന്ന ഏത് നെറികേടുകളെയും പിന്തുണക്കുകയും അനീതിക്കും അക്രമങ്ങൾക്കും കൂട്ടുനിൽക്കുകയും ചെയ്യുമ്പോൾ അത് മിതവാദികളെ പോലും തീവ്രവാദികളാക്കി മാറ്റിയേക്കാവുന്നതും ഭീകരവാദത്തെയും ഭീകരവാദികളെയും പാലൂട്ടി വളർത്തുന്ന വിധത്തിലുള്ള സമീപനവുമാണെന്ന കാര്യം മറക്കരുത്. ആടിനെ പട്ടിയാക്കാനും എന്നിട്ട് പേപ്പട്ടി എന്ന് അലറിവിളിച്ച് തല്ലിക്കൊല്ലാനും തന്ത്രം മെനഞ്ഞ് കാത്തിരിക്കുന്നവർ ആഗ്രഹിക്കുന്നതും അതുതന്നെയായിരിക്കുമല്ലോ.

ദീകരവാദത്തെ നട്ടുവളർത്തുന്നതും പരിപാലിക്കുന്നതും അത് അനുദിനം പ്രചരിക്കുന്നതും പല പല കാരണങ്ങളിലൂടെയാണ്. അവകാശ നിഷേധങ്ങൾ, തൊഴിലില്ലായ്മ, ദാരിദ്ര്യം, അഴിമതി, അതിക്രമങ്ങൾ, സ്വജനപക്ഷപാതം, നീതിനിഷേധം, അധിനിവേശം തുടങ്ങി സാമൂഹികവും വൈയക്തികവും മാനസികവും സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ പല പല കാരണങ്ങളുണ്ട്. അവയെ സൂക്ഷ്മമായി വിശകലനം ചെയ്ത് ഓരോന്നിനെയും ഫലപ്രദമായി ചികിത്സിക്കാനാണ് സമാധാനകാംക്ഷികളായ ഓരോരുത്തരും ശ്രദ്ധിക്കേണ്ടത്.

## ഇസ്‌ലാമും ഭീകരവാദവും

ശരിയായ സ്രോതസ്സിൽനിന്ന് മതം പഠിക്കുകയും നബി(സ്വ)യും അനുചരന്മാരുമടങ്ങുന്ന ഉത്തമ തലമുറയിലെ സച്ചരിതരായ മുൻഗാമികളുടെ പാത സ്വീകരിച്ച് ഇസ്‌ലാം ജീവിതത്തിൽ പകർത്തുന്നഒരു മുസ്‌ലിമിന് ഒരിക്കലും ഒരു ഭീകരവാദിയാകാൻ സാധിക്കുകയില്ല. മുസ്‌ലിംകളുടെ കൂട്ടത്തിൽനിന്ന് ആരെങ്കിലും അത്തരം നശീകരണ പ്രവർത്തനത്തിൽ കണ്ണിയായിട്ടുണ്ടെങ്കിൽ തീർച്ചയായും യഥാർഥ ഇസ്‌ലാമി



നെയും അതിന്റെ അടിസ്ഥാനാശയങ്ങളെയും ശരിയായവിധത്തിൽ മനസ്സിലാക്കാത്തതുകൊണ്ടായിരിക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ല. കാരണം, നശീകരണ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല. കാരുണ്യത്തിന്റെയും സഹാനുഭൂതിയുടെയും ഉദാത്ത മാതൃകകളാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. കരുണ ചെയ്യുന്നവരോടാണ് കാരുണ്യവാനായ അല്ലാഹുവിന്റെ പ്രത്യേക കരുണയുണ്ടാവുക എന്ന് നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

ഒരു പൂച്ചയെ കെട്ടിയിട്ടു കൊന്ന സ്ത്രീയുടെ നരക പ്രവേശനത്തെ കുറിച്ചും ദാഹിച്ചുവലഞ്ഞ നായക്ക് വെള്ളം കൊടുത്തയാളുടെ സ്വർഗ പ്രവേശത്തെ കുറിച്ചും അനുചരന്മാരെ ഓർമിപ്പിച്ച പ്രവാചകന്റെ അധ്യാപനവും കരുണയുടെ സന്ദേശമാണ് ലോകത്തിന് പകർന്ന് നൽകുന്നത്. യുദ്ധ സന്ദർഭങ്ങളിൽ പോലും അന്യായവും അതിക്രമവും പാടില്ലെന്നതാണ് പ്രവാചകാധ്യാപനം. യുദ്ധത്തിൽ പങ്കുചേരാത്ത സ്ത്രീകളെയും കുട്ടികളെയും വൃദ്ധന്മാരെയും വധിക്കരുതെന്നും കൃഷി നശിപ്പിക്കരുതെന്നും നബി(സ്വ) യുദ്ധത്തിന് പുറപ്പെടുന്ന യോദ്ധാക്കൾക്ക് പ്രത്യേകം ഉപദേശം നൽകുമായിരുന്നുവെന്ന് ഹദീസ് ഗ്രന്ഥങ്ങളിൽ കാണാം. നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശക്തമായ ശിക്ഷാനടപടികൾ ക്വുർആൻ വിശദമാക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു.


“അല്ലാഹുവോടും അവന്റെ ദൂതനോടും പോരാടുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം അവർ കൊന്നൊടുക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ അവരുടെ കൈകളും കാലുകളും എതിർവശങ്ങളിൽനിന്നായി മുറിച്ചുകളയപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യുക മാത്രമാകുന്നു. അതവർക്ക് ഇഹലോകത്തുള്ള അപമാനമാകുന്നു. പരലോകത്ത് അവർക്ക് കനത്ത ശിക്ഷയുമുണ്ടായിരിക്കും”(5:33).

നിരപരാധിയായ ഒരാളുടെ ജീവൻ അപഹരിക്കുന്നത് ഭൂമിയിലുള്ള സർവ മനുഷ്യരെയും കൊല്ലുന്നതുപോലെയാണെന്നാണ് ക്വുർആൻ ഉണർത്തിയത്:

“അക്കാരണത്താൽ ഇസ്‌റാഈൽ സന്തതികൾക്ക് നാം ഇപ്രകാരം വിധി നൽകുകയുണ്ടായി: മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു...”(5:32).

ഈ നിയമം മുൻ സമൂഹങ്ങളിൽ ബാധകമായതിനെക്കാൾ കൂടുതലായി നമുക്ക് ബാധകമാണെന്ന് ക്വുർആൻ പണ്ഡിതന്മാർ വിശദീകരിച്ചത് ശ്രദ്ധേയമാണ്. ഹസനുൽ ബസ്വരി(റഹ്) യോട് ചോദിക്കപ്പെട്ടു: ‘ഈ വചനത്തിൽ പ്രതിപാദിക്കപ്പെട്ട കാര്യങ്ങൾ ബനൂ ഇസ്‌റാഈല്യർക്ക് ബാധകമായിരുന്നതുപോലെ നമുക്കും ബാധകമാണോ?’ അദ്ദേഹം പറഞ്ഞു: ‘ആരാധനകൾക്ക് സത്യത്തിൽ അർഹതയുള്ള ഏകനായ അല്ലാഹുവാണെ സത്യം! അവർക്കെന്നപോലെ നമുക്കും ബാധകമാണിതെല്ലാം. നമ്മുടെ രക്തത്തെക്കാൾ കൂടുതൽ ആദരവൊന്നും അവരുടെ രക്തത്തിന് അല്ലാഹുവിന്റെയടുക്കൽ ഉണ്ടാവുകയില്ല” (തഫ്‌സീർ ഇബ്നു കസീർ, 5:32ന്റെ വിവരണം).

അകാരണമായി കൊല്ലപ്പെടുന്നത് അമുസ്‌ലിമാണെങ്കിൽ പോലും സ്വർഗപ്രവേശനത്തിന് അർഹതയുണ്ടായിരിക്കില്ലെന്ന് നബി(സ്വ) ഉണർത്തിയിട്ടുണ്ട്. നമുക്കും ലോകമാസകലമുള്ളവർക്കും ശാന്തിയും സമാധാനവും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ!



**നിരപരാധിയായ ഒരാളുടെ ജീവൻ അപഹരിക്കുന്നത് ഭൂമിയിലുള്ള സർവ മനുഷ്യരെയും കൊല്ലുന്നതു പോലെയാണെന്നാണ് ക്വുർആൻ ഉണർത്തിയത്. ശരിയായ സ്രോതസ്സിൽനിന്ന് മതം പഠിക്കുകയും നബി (സ്വ) യും അനുചരന്മാരുമടങ്ങുന്ന ഉത്തമ തലമുറയിലെ സച്ചരിതരായ മുൻഗാമികളുടെ പാത സ്വീകരിച്ച് ഇസ്‌ലാം ജീവിതത്തിൽ പകർത്തുന്നഒരു മുസ്‌ലിമിന് ഒരിക്കലും ഒരു ഭീകരവാദിയാകാൻ സാധിക്കുകയില്ല. മുസ്‌ലിംകളുടെ കൂട്ടത്തിൽനിന്ന് ആരെങ്കിലും അത്തരം നശീകരണ പ്രവർത്തനത്തിൽ കണ്ണിയായിട്ടുണ്ടെങ്കിൽ തീർച്ചയായും യഥാർഥ ഇസ്‌ലാമിനെയും അതിന്റെ അടിസ്ഥാനാശയങ്ങളെയും ശരിയായവിധത്തിൽ മനസ്സിലാക്കാത്തതു കൊണ്ടായിരിക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ല. കാരണം, നശീകരണ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമിൽ യാതൊരു സ്ഥാനവുമില്ല.**

# സൃഷ്ടിപ്പ്: മതം പറയുന്നത്; ശാസ്ത്രവും

ഡോ. ഷാനവാസ് യു.എസ്.എ
:94963 57979

**അതിസങ്കീർണവും ഭാവനാസമ്പൂർണവുമായ പ്രക്രിയയിലൂടെയാണ് സൃഷ്ടിപ്പ് പൂർത്തിയാക്കിയിരിക്കുന്നത്. സ്ഥൂല പ്രപഞ്ചത്തിൽ മാത്രമല്ല, സൂക്ഷ്മലോകത്തിലും ഇതിന്റെ മനോഹാരിത നമുക്ക് ദർശിക്കാനാവും. മനുഷ്യന്റെ ജൈവോൽപത്തിയുമായി ബന്ധപ്പെട്ട പഠനങ്ങൾ ഇക്കാര്യം കൂടുതൽ ബോധ്യപ്പെടുത്തുന്നുണ്ട്. സ്ഥല-കാലങ്ങൾക്കതീതനായ സ്രഷ്ടാവിനല്ലാതെ സൃഷ്ടി, സ്ഥിതി, സംഹാരം സാധ്യമല്ല തന്നെ.**

ശാസ്ത്രവും മതവും വിപരീത ദിശയിൽ സഞ്ചരിക്കുന്നതായാണ് മിക്കവാറും വിഷയങ്ങളിൽ നാം കാണാറുള്ളത്. എന്നാൽ യഥാർഥത്തിൽ ശാസ്ത്രവും മതവും വിപരീത ദിശയിലാണോ സഞ്ചരിക്കുന്നത്? അവ രണ്ടും വിപരീത ദിശയിൽ സഞ്ചരിക്കേണ്ടവയാണോ? മതത്തെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചുമുള്ള അപൂർണമായ അറിവാണോ ഇങ്ങനെയുള്ള ചിന്താഗതിക്ക് കാരണം? മതം പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ ശാസ്ത്രകാരന്മാർക്കും ശാസ്ത്രം പറഞ്ഞ വിഷയങ്ങളിൽ മതവിശ്വാസികൾക്കും ചില തെറ്റിദ്ധാരണകൾ സംഭവിച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

മതവിശ്വാസികൾക്കും അല്ലാത്തവർക്കും സ്വതന്ത്രമായി ചിന്തിക്കുവാനും കാര്യങ്ങൾ ഗ്രഹിക്കുവാനുമുള്ള ഒരു അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെ മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ചും പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ചും മതഗ്രന്ഥങ്ങളിൽനിന്നും ശാസ്ത്ര ഗ്രന്ഥങ്ങളിൽനിന്നും കണ്ടെത്തിയ ചില സാമ്യതകളും വിയോജിപ്പുകളും ക്രോഡീകരിക്കുകയാണ് ഈ ലേഖന പരമ്പരയിലൂടെ ചെയ്യുന്നത്.

മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും സൃഷ്ടിപ്പിന്റെ കാര്യത്തിൽ മതവും ശാസ്ത്രവും ഒരുമിക്കുകയും ചില പ്പോൾ വിയോജിക്കുകയും ചെയ്യുന്ന വിഷയങ്ങളെക്കു



റിച്ച് സാധാരണക്കാർക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും മനസ്സിലാക്കുവാനും പ്രചോദനം നൽകാനുള്ള ശ്രമമാണിത്.

### മനുഷ്യ സൃഷ്ടിപ്പിന്റെ ആരംഭം

ഭൂമിയിൽ മനുഷ്യന്റെ ഉത്ഭവത്തെ സംബന്ധിച്ച് വളരെയധികം അഭിപ്രായവ്യത്യാസങ്ങൾ മതങ്ങളും ശാസ്ത്രലോകവും തമ്മിൽ നിലനിൽക്കുന്നുണ്ട്. മറ്റു ജീവികളിൽനിന്നും തികച്ചും വ്യത്യസ്തമായി മനുഷ്യൻ പ്രത്യേകം സൃഷ്ടിക്കപ്പെട്ടതാണെന്ന് മതങ്ങൾ പറയുമ്പോൾ, മനുഷ്യൻ പരിണാമ ഫലമായി കുരങ്ങുകളിൽനിന്നും രൂപപ്പെടുകയാണ് ചെയ്തത് എന്ന് ശാസ്ത്രം വാദിക്കുന്നു.

ആദിമ മനുഷ്യനെ മണ്ണിൽനിന്നും ദൈവം സൃഷ്ടിച്ചു എന്നാണ് ഇസ്‌ലാം പറയുന്നത്. എന്നാൽ മനുഷ്യനെ മണ്ണിൽനിന്നും ദൈവം സൃഷ്ടിച്ചു എന്ന് പറയുമ്പോൾതന്നെ മനുഷ്യസൃഷ്ടിപ്പിൽ സ്ത്രീ പുരുഷ ലൈംഗിക ബന്ധത്തിന്റെയും സ്ത്രീപുരുഷ ബീജസങ്കലനത്തിന്റെയും പ്രാധാന്യവും വിവരിക്കുന്നതായും നമുക്ക് കാണാം. അതിനാൽ മേൽപറഞ്ഞ വിഷയത്തിൽ മതപണ്ഡിതർക്കിടയിൽ വ്യാഖ്യാനപരമായ ചില അഭിപ്രായവ്യത്യാസങ്ങളുണ്ട്. മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു എന്ന് പറയുന്നത് ആദ്യത്തെ മനുഷ്യനെക്കുറിച്ച് മാത്രമാണെന്നും, ശേഷമുള്ളവർ മുഴുവൻ സ്ത്രീപുരുഷ ബീജസങ്കലനത്തിലൂടെയാണ് സൃഷ്ടിക്കപ്പെട്ടത് എന്നതാണ് ഇതിൽ സുപ്രധാനമായ ഒരു അഭിപ്രായം. എന്നാൽ ഏതൊരു മനുഷ്യനും മരിച്ചു മണ്ണടിഞ്ഞുകഴിഞ്ഞാൽ കാലാന്തരേ ജീർണിച്ച് മണ്ണിൽ അടങ്ങിയിരിക്കുന്ന ധാതുലവണങ്ങളായി മാറുന്നതിനാൽ, മനുഷ്യ

ആദിമ മനുഷ്യനെ മണ്ണിൽനിന്നും ദൈവം സൃഷ്ടിച്ചു എന്നാണ് ഇസ്‌ലാം പറയുന്നത്. എന്നാൽ മനുഷ്യനെ മണ്ണിൽനിന്നും ദൈവം സൃഷ്ടിച്ചു എന്ന് പറയുമ്പോൾതന്നെ മനുഷ്യസൃഷ്ടിപ്പിൽ സ്ത്രീ പുരുഷ ലൈംഗിക ബന്ധത്തിന്റെയും സ്ത്രീപുരുഷ ബീജസങ്കലനത്തിന്റെയും പ്രാധാന്യവും വിവരിക്കുന്നതായും നമുക്ക് കാണാം. അതിനാൽ മേൽപറഞ്ഞ വിഷയത്തിൽ മതപണ്ഡിതർക്കിടയിൽ വ്യാഖ്യാനപരമായ ചില അഭിപ്രായവ്യത്യാസങ്ങളുണ്ട്. മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടു എന്ന് പറയുന്നത് ആദ്യത്തെ മനുഷ്യനെക്കുറിച്ച് മാത്രമാണെന്നും, ശേഷമുള്ളവർ മുഴുവൻ സ്ത്രീപുരുഷ ബീജസങ്കലനത്തിലൂടെയാണ് സൃഷ്ടിക്കപ്പെട്ടത് എന്നതാണ് ഇതിൽ സുപ്രധാനമായ ഒരു അഭിപ്രായം.

ശരീരത്തിന്റെ അടിസ്ഥാനം മണ്ണിൽ അടങ്ങിയിരിക്കുന്ന ഈ ധാതുലവണങ്ങളാണ് എന്നതാണ് മനുഷ്യസൃഷ്ടിപ്പ് മണ്ണിൽനിന്നുമാണ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ന അഭിപ്രായവും മതപണ്ഡിതന്മാർക്കിടയിൽ നമുക്ക് കാണാം.

**1. മനുഷ്യ സൃഷ്ടിപ്പിനെ കുറിച്ചുള്ള ക്വുർആനിക വീക്ഷണം**

ഏതാനും ക്വുർആൻ സൂക്തങ്ങൾ കാണുക:

"ഒരൊറ്റ അസ്തിത്വത്തിൽനിന്നും അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നെ അതിൽനിന്നും അതിന്റെ ഇണയെയും അവൻ ഉണ്ടാക്കി..." (39:6).

"...ഒരു സ്ത്രീയും ഗർഭം ധരിക്കുകയോ പ്രസവിക്കുകയോ ചെയ്യുന്നുമില്ല; അവന്റെ അറിവോട് കൂടിയല്ലാതെ..."(41:47).

"മനുഷ്യന്റെ സൃഷ്ടിപ്പ് കളിമണ്ണിൽനിന്നും അവൻ ആരംഭിച്ചു. പിന്നെ അവന്റെ സന്തതിയെ നിസ്സാരമായ ഒരു വെള്ളത്തിന്റെ സത്തിൽനിന്നും അവൻ സൃഷ്ടിച്ചു" (32:79).

"മനുഷ്യരേ, നിങ്ങളെ ഒരു ആത്മാവിൽനിന്നും സൃഷ്ടിക്കുകയും, അതിൽനിന്നും അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവരിൽനിന്നും ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ''(4:1).

"മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു'' (96:2).

"അവനെ (അവന്റെ രൂപം) മണ്ണിൽനിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു" (3:59).

"അല്ലാഹു നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജകണത്തിൽനിന്നും സൃഷ്ടിച്ചു. പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവ് അനുസരിച്ചല്ലാതെ ഒരു

**ക്വുർആനിലെ വചനങ്ങൾ മുഴുവൻ ചേർത്ത് വായിക്കുന്ന ഏതൊരു വ്യക്തിക്കും എന്താണ് മനുഷ്യസൃഷ്ടിപ്പിൽ ക്വുർആന്റെ വീക്ഷണം എന്നത് യാതൊരു സംശയത്തിനും സാധ്യതയില്ലാത്ത വിധം മനസ്സിലാക്കാവുന്നതാണ്. അതിനാൽതന്നെ ഇവിടെ ഒരു വിശദീകരണത്തിന്റെ ആവശ്യകതയില്ല. എന്നാൽ മേൽപറഞ്ഞ വചനങ്ങൾ മുഴുവൻ ഗ്രഹിക്കാതെ ചില വചനങ്ങൾ മാത്രം ശ്രദ്ധിച്ചാൽ സംശയവും അഭിപ്രായവ്യത്യാസവും വർധിക്കുകയും ചെയ്യും.**



സ്ത്രീയും ഗർഭം ധരിക്കുന്നില്ല" (35:11).

"മണ്ണിൽനിന്നും അനന്തരം ബീജകണത്തിൽനിന്നും നിന്നെ സൃഷ്ടിക്കുകയും പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ?"(18:37)

"തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്നും നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥലത്ത് വച്ചു. പിന്നീട് ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി" (23:12-14).

"മണ്ണിൽനിന്നും പിന്നെ ബീജകണത്തിൽനിന്നും പിന്നെ ഭ്രൂണത്തിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു. പിന്നെ ഒരു ശിശുവായി അവൻ നിങ്ങളെ പുറത്തുകൊണ്ടുവരുന്നു" (40:67).

ക്വുർആനിലെ മേൽപറഞ്ഞ വചനങ്ങൾ മുഴുവൻ ചേർത്ത് വായിക്കുന്ന ഏതൊരു വ്യക്തിക്കും എന്താണ് മനുഷ്യസൃഷ്ടിപ്പിൽ ക്വുർആന്റെ വീക്ഷണം എന്നത് യാതൊരു സംശയത്തിനും സാധ്യതയില്ലാത്ത വിധം മനസ്സിലാക്കാവുന്നതാണ്. അതിനാൽതന്നെ ഇവിടെ ഒരു വിശദീകരണത്തിന്റെ ആവശ്യകതയില്ല. എന്നാൽ മേൽപറഞ്ഞ വചനങ്ങൾ മുഴുവൻ ഗ്രഹിക്കാതെ ചില വചനങ്ങൾ മാത്രം ശ്രദ്ധിച്ചാൽ സംശയവും അഭിപ്രായവ്യത്യാസവും വർധിക്കുകയും ചെയ്യും.

**2. ശാസ്ത്രീയ വീക്ഷണം**

മനുഷ്യ സൃഷ്ടിപ്പിനെക്കുറിച്ച് തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണമാണ് ശാസ്ത്രത്തിനുള്ളത്. മനുഷ്യരടക്കമുള്ള ആധുനിക കാലഘട്ടത്തിലെ മുഴുവൻ ജീവികളും അവയുടെ പിൻതലമുറക്കാരിൽ നിന്നും കാ

ലക്രമേണ മാറ്റങ്ങൾക്ക് വിധേയമായി രൂപപ്പെട്ടതാണെന്ന് (Evolution) ശാസ്ത്രം പറയുന്നു.

മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ (close relatives) കുരങ്ങുകൾ ആണെന്ന ആശയം ആദ്യമായി കൊണ്ടുവന്നത് ലീനസ് (Lenus) എന്ന ശാസ്ത്രജ്ഞനാണ്. ഓരോ ജീവിയും അവയുടെ പിൻതലമുറക്കാരിൽനിന്നും അവയിൽ ഉണ്ടാകുന്ന ചില മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ടതാണെന്ന് വിഖ്യാതനായ ഡാർവിൻ വിശദീകരിക്കുകയുണ്ടായി. 1859ൽ തന്റെ പ്രസിദ്ധമായ 'ഒറിജിൻ ഓഫ് സ്പീഷീസ്' (The Origin of Species) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇത് രേഖപ്പെടുത്തുകയും ചെയ്തു.

എന്നാൽ 1863ൽ ഹാക്സ്‌ലി എന്ന ശാസ്ത്രജ്ഞൻ മനുഷ്യൻ കുരങ്ങുകളിൽ സംഭവിച്ച ചില മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ടതാണ് എന്ന് പ്രസ്താവിച്ചു. ഇക്കാര്യം അദ്ദേഹം തന്റെ 'Evidence of Man's Place in Nature' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുകയും ചെയ്തു. മനുഷ്യനും കുരങ്ങുകളും തമ്മിലുള്ള ചില സാമ്യതകളാണ് ഇത്തരത്തിലുള്ള ഒരു ചിന്തയിലേക്ക് അദ്ദേഹത്തെ നയിച്ചത്.

എന്നാൽ മനുഷ്യന്റെ രൂപപ്പെടലിനെക്കുറിച്ച് കൂടുതൽ വിശദമാക്കിയത് ഡാർവിന്റെ വിഖ്യാതമായ പരിണാമ സിദ്ധാന്തമായിരുന്നു (Theory of Evolution). 1871ൽ തന്റെ ഗ്രന്ഥമായ The Descend of Man and Selection in Relation to Sex എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പരിണാമ സിദ്ധാന്തം കൂടുതൽ വ്യക്തമാക്കി രേഖപ്പെടുത്തി.

എത്ര വർഷങ്ങൾക്കു മുമ്പാണ് ആധുനിക മനുഷ്യൻ രൂപപ്പെട്ടത് എന്നത് ഇന്നും നമുക്ക് മുന്നിൽ ഒരു വലിയ ചോദ്യചിഹ്നമാണ്. മനുഷ്യനുമായി സാമ്യതയുള്ള ഫോസിലുകളിൽ (പ്രാചീന അവശിഷ്ടം) നടത്തുന്ന പഠനമാണ് മനുഷ്യന്റെ കാലപ്പഴക്കം കണ്ടെത്താൻ നമ്മെ സഹായിക്കുന്നത്. രണ്ടു ദശലക്ഷം (2 million) വർഷങ്ങൾ പഴക്കമുള്ള ചില അസ്ഥികൂടങ്ങൾ കിഴക്കേ ആഫ്രിക്കയിൽ നിന്നും കണ്ടെത്തുകയുണ്ടായി. അവയ്ക്ക് മനുഷ്യ അസ്ഥികൂടങ്ങളുമായി സാമ്യമുള്ളതിനാൽ അവയെ ഹോമോ ഹബിലിസ് (Homo Habilis) എന്നു വിളിച്ചു. 'ഹോമോ' എന്നത് 'മനുഷ്യൻ' എന്ന അർഥം വരുന്ന ഒരു ലാറ്റിൻ വാക്കാണ്. മനുഷ്യനും കുരങ്ങുകളും അടങ്ങുന്ന കൂട്ടത്തെയാണ് പ്രൈമേറ്റ്സ് (primates) എന്ന് വിളിക്കുന്നത്. രാമാപിത്തിക്കസ് (Ramapithicus) ഡ്രൈയോ പിത്തിക്കസ് (Dryopithicus) എന്നിവ 15 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന രണ്ട് പ്രൈമേറ്റുകൾ ആയിരുന്നു. അവയിൽ രാമാപിത്തിക്കസ് മനുഷ്യനുമായി കൂടുതൽ സാമ്യത പുലർത്തിയിരുന്നു. ഇവയ്ക്കെല്ലാം പുറമെയും മനുഷ്യനുമായി സാമ്യതയുള്ള ധാരാളം പ്രാചീന അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി. ഇവയിൽ ആധുനിക



**മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ** (close relatives) **കുരങ്ങുകൾ ആണെന്ന ആശയം ആദ്യമായി കൊണ്ടുവന്നത് ലീനസ്** (Lenus)**എന്ന ശാസ്ത്രജ്ഞനാണ്. ഓരോ ജീവിയും അവയുടെ പിൻതലമുറക്കാരിൽനിന്നും അവയിൽ ഉണ്ടാകുന്ന ചില മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ടതാണെന്ന് വിഖ്യാതനായ ഡാർവിൻ വിശദീകരിക്കുകയുണ്ടായി.** 1859**ൽ തന്റെ പ്രസിദ്ധമായ 'ഒറിജിൻ ഓഫ് സ്പീഷീസ്'** (The Origin of Species) **എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇത് രേഖപ്പെടുത്തുകയും ചെയ്തു.**

മനുഷ്യനോട് ഏറ്റവും സാമ്യമുള്ള വിഭാഗമാണ് ഹോമോസാപ്പിയൻസ്. ആധുനിക ഹോമോസാപ്പിയൻസ് (modern homo sapiens) ആദ്യമായി രൂപപ്പെട്ടത് ഏതാണ്ട് 75000 മുതൽ ഒരു ലക്ഷം വർഷങ്ങൾക്കു മുന്നേ ഹിമയുഗത്തിൽ (Ice age) ആണെന്ന് കണക്കാക്കപ്പെടുന്നു.

### പുരുഷ ബീജം യോനിയിൽ നിക്ഷേപിക്കൽ

മനുഷ്യസൃഷ്ടിപ്പിന് ഏറ്റവും അനിവാര്യമായ കാര്യമാണ് സ്ത്രീപുരുഷ ബീജസംങ്കലനം. ബീജസംങ്കലനം കൂടാതെ മനുഷ്യസൃഷ്ടിപ്പ് സാധ്യമേയല്ല. പല ആളുകൾക്കും സന്താനങ്ങൾ ഉണ്ടാകാതിരിക്കാനുള്ള ഒരു പ്രധാന കാരണം ബീജസങ്കലത്തിലുള്ള ചില ക്രമക്കേടുകളാണ്. ആയതിനാൽ ഇത്തരം ആളുകളിൽ കൃത്രിമ ബീജസംങ്കലനം (Artificial insemination) നടത്തുക എന്നതാ

ണ് വന്ധ്യത ചികിത്സാകേന്ദ്രങ്ങളിൽ പ്രധാനമായും ചെയ്യുന്നത്.

ഒരു പുരുഷൻ ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ പുരുഷലിംഗത്തിൽനിന്നും ശുക്ലം (semen) പുറത്തുവരുന്നു. പുരുഷന്റെ വൃഷണത്തിൽ (Testes) നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന പുരുഷ ബീജവും (Sperm), സെമിനൽ ഗ്രന്ഥിയിൽ (Seminal vesicle) നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന സെമിനൽ ദ്രാവകവും (Seminal fluid) ആണ് ശുക്ലത്തിന്റെ ഏറ്റവും പ്രധാനമായ ഘടകങ്ങൾ. ഇങ്ങനെ രൂപപ്പെടുന്ന ശുക്ലത്തിൽ ഏതാണ്ട് 200-300 മില്യൺവരെ പുരുഷ ബീജങ്ങൾ ഉണ്ടാവും. ഇവയുടെ എണ്ണത്തിൽ വരുന്ന ചെറിയ കുറവുപോലും പ്രത്യുൽപാദനത്തെ പ്രതികൂലമായി ബാധിക്കും.

ശുക്ലത്തിൽ അടങ്ങിയിരിക്കുന്ന പുരുഷ ബീജത്തിന് (Sperm) സ്വന്തമായി ചലനശേഷിയുണ്ട്. പുരുഷ ബീജത്തിന് ആവശ്യമായ ഊർജം ലഭിക്കുന്നത് ശുക്ലത്തിൽ അടങ്ങിയിരിക്കുന്ന അന്നജത്തിൽ നിന്നുമാണ്. ഇത് പഴങ്ങളിൽ കാണുന്ന ഫ്രക്ടോസ് (Fructose) എന്ന അന്നജത്തിന് സമാനമാണ്.

"തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്"(86:6).

"അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?"(56:58).

കൃത്രിമ പ്രത്യുൽപാദന മാർഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കൃത്രിമ ബീജസങ്കലനം. പുരുഷന്, സ്ത്രീയുടെ യോനിയിൽ (Vagina) പുരുഷബീജം നിക്ഷേപിക്കാനുള്ള കഴിവ് നഷ്ടപ്പെടുമ്പോഴോ (erectile dysfunction) ശുക്ലത്തിൽ പുരുഷ ബീജത്തിന്റെ എണ്ണത്തിൽ കുറവ് വരുമ്പോഴോ ആണ് സാധാരണ ഈ ചികിത്സാരീതി ഉപയോഗിക്കുന്നത്. ഇതുതന്നെ രണ്ടു രീതിയിലുണ്ട്. അവയിൽ ഒന്നാമത്തേത് പുരുഷ ബീജം സ്ത്രീയുടെ യോനിയിൽ നിക്ഷേപിക്കലാണ് (IVI – Intra vaginal Insemination).

**ശുക്ലത്തിൽ അടങ്ങിയിരിക്കുന്ന പുരുഷ ബീജത്തിന് (Sperm) സ്വന്തമായി ചലനശേഷിയുണ്ട്. പുരുഷ ബീജത്തിന് ആവശ്യമായ ഊർജം ലഭിക്കുന്നത് ശുക്ലത്തിൽ അടങ്ങിയിരിക്കുന്ന അന്നജത്തിൽനിന്നുമാണ്. ഇത് പഴങ്ങളിൽ കാണുന്ന ഫ്രക്ടോസ് (Fructose) എന്ന അന്നജത്തിന് സമാനമാണ്. "തെറിച്ചു വീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്''(86:6). "അപ്പോൾ നിങ്ങൾ സ്രവിക്കുന്ന ശുക്ലത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?''(56:58).**

രണ്ടാമത്തേത് പുരുഷ ബീജം സ്ത്രീയുടെ ഗർഭാശയത്തിൽ നിക്ഷേപിക്കലാണ് (IUI – Intra Uterine Insemination). സ്ത്രീ പുരുഷ ലൈംഗിക ബന്ധത്തിന് സമാനമായ പ്രക്രിയയാണ് ഇത്.


"ഒരൊറ്റ സത്തയിൽ നിന്നുതന്നെ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ. അതിൽനിന്നുതന്നെ അതിന്റെ ഇണയെയും അവനുണ്ടാക്കി. അവളോടൊത്ത് അവൻ സമാധാനമടയുവാൻ വേണ്ടി. അങ്ങനെ അവൻ അവളെ പ്രാപിച്ചപ്പോൾ അവൾ ലഘുവായ ഒരു (ഗർഭ) ഭാരം വഹിച്ചു. എന്നിട്ട് അവളതുമായി നടന്നു..." (7:189).

**പുരുഷബീജം രൂപപ്പെടൽ**

അണ്ഡാശയത്തിൽ പുരുഷബീജം രൂപപ്പെടുന്ന പ്രക്രിയയെയാണ് സ്പേർമറ്റോജെനിസിസ് (Spermatogenesis) എന്ന് വിളിക്കുന്നത്. ഒരു പുരുഷന് പ്രായപൂർത്തി എത്തിയശേഷം മാത്രമാണ് ഈ പ്രക്രിയ നടക്കുന്നത്.

അണ്ഡാശയത്തിലെ സെമിനിഫറസ് ട്യൂബുകൾ (Seminiferous tubules) എന്ന അറകളിൽവച്ചാണ് പുരുഷ ബീജം രൂപപ്പെടുന്നത്. ഇവയിലുള്ള സ്പേർമറ്റോഗോണിയ (Spermatogonia) എന്ന മാതൃകോശങ്ങളിൽ നടക്കുന്ന പ്രത്യേക വിഭജനത്തിന്റെ ഫലമായാണ് പുരുഷബീജം രൂപപ്പെടുന്നത്.

എല്ലാ മനുഷ്യകോശങ്ങളിലും എന്നതുപോലെതന്നെ, സ്പേർമറ്റോഗോണിയകളിലും 23 ജോഡി (23 pair/46) ക്രോമസോമുകളാണുള്ളത്. ഈ കോശങ്ങൾ രണ്ടുതരം വിഭജനങ്ങൾക്ക് വിധേയമാകുന്നു. ആദ്യത്തെ വിഭജനത്തിന്റെ ഫലമായി പുതിയ രണ്ട് കോശങ്ങൾ രൂപപ്പെടുന്നു. അവയെ രണ്ടാം സ്പേർമറ്റോസൈറ്റ്സ് എന്ന് വിളിക്കുന്നു. ഇവ വീണ്ടും വിഭജിക്കുന്നു. ഇതിന്റെ ഫലമായി ഓരോന്നിൽ നിന്നും രണ്ടുവീതം പുതിയ കോശങ്ങൾ ഉണ്ടാകുന്നു. ഇവയെയാണ് പുരുഷ ബീജങ്ങൾ (Sperms) എന്ന് വിളിക്കുന്നത്. ഇങ്ങനെ രൂപപ്പെടുന്ന പുരു




ഷബീജത്തിന് മാതൃകോശത്തിന്റെ (Spermatogonia) പകുതി എണ്ണം ക്രോമസോമുകൾ മാത്രമെ ഉണ്ടാവുകയുള്ളൂ. അതായത് 23 ക്രോമ സോമുകൾ വീതം. ഇത്തരത്തിൽ ഓരോ മാതൃകോശത്തിൽനിന്നും 4 വീതം പുരുഷബീജം രൂപപ്പെടുകയും ചെയ്യുന്നു.

ഇങ്ങനെ രൂപപ്പെടുന്ന പുരുഷ ബീജം പൂർണവളർച്ചയെത്താത്ത വയായിരിക്കും. പിന്നീട് ഇവ വ്യത്യസ്ത നാളികളിലൂടെ (Tubes)സഞ്ച രിച്ച്, വാസ് ഡിഫറൻസ് (vas deferens) എന്ന വലിയ ഒരു നാളിയിൽ താൽക്കാലികമായി സൂക്ഷിക്കപ്പെടുന്നു. അണ്ഡാശയത്തിലെ ഈ നാ ളികളിൽവച്ചാണ് പുരുഷ ബീജം പൂർണ വളർച്ചയെത്തുന്നത്. ഇങ്ങനെ ഇവിടെ സൂക്ഷിക്കപ്പെട്ട പൂർണ വളർച്ചയെത്തിയ പുരുഷ ബീജങ്ങൾ ശുക്ലസ്ഖലനം നടക്കുമ്പോൾ വാസ് ഡിഫറൻസുകളിൽനിന്നും പുറ ത്തുവരുന്നു. പുരുഷലിംഗത്തിൽനിന്നും പുറത്തുവരുന്നതിന് മുമ്പെ പല ഗ്രന്ഥികളിൽനിന്നുമുള്ള ദ്രാവകങ്ങളുമായി ചേർന്ന് ഒരു മിശ്രിത മായാണ് ശുക്ലം പുറത്തുവരുന്നത്.

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനു ഷ്യനെ സൃഷ്ടിച്ചിരിക്കുന്നു” (76:2).

“എന്നാൽ മനുഷ്യൻ ചിന്തിച്ചുനോക്കട്ടെ താൻ എന്തിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന്. തെറിച്ചുവീഴുന്ന ഒരു ദ്രാവകത്തിൽ നിന്നത്രെ അവൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്...” (86:5,6).

**Spermatogenesis**





**മനുഷ്യന്റെ ഏറ്റവും അടുത്ത ബന്ധുക്കൾ (close relatives) കുരങ്ങുകൾ ആണെന്ന ആശയം ആദ്യമായി കൊണ്ടുവന്നത് ലീനസ് (Lenus)എന്ന ശാസ്ത്രജ്ഞനാണ്. ഓരോ ജീവിയും അവയുടെ പിൻതലമുറക്കാരിൽനിന്നും അവയിൽ ഉണ്ടാകുന്ന ചില മാറ്റങ്ങളുടെ ഫലമായി രൂപപ്പെട്ടതാണെന്ന് വിഖ്യാതനായ ഡാർവിൻ വിശദീകരിക്കുകയുണ്ടായി. 1859ൽ തന്റെ പ്രസിദ്ധമായ ‘ഒറിജിൻ ഓഫ് സ്പീഷീസ്’ (The Origin of Species) എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇത് രേഖപ്പെടുത്തുകയും ചെയ്തു.**

**സ്ത്രീ ബീജത്തിന്റെ രൂപപ്പെടൽ**

ഒരു സ്ത്രീയുടെ അണ്ഡാശയ ത്തിൽ (ovary) അണ്ഡം (ovary) രൂപപ്പെടുന്നതിനെയാണ് ഊജെ നിസിസ് (oogenesis)എന്ന് പറയു ന്നത്. പുരുഷ ബീജത്തിന്റെ രൂപീ കരണത്തിൽ (spermatogenesis) നിന്നും തികച്ചും വ്യത്യസ്തമായ സവിശേഷതകളോടുകൂടിയാണ് അണ്ഡം (സ്ത്രീ ബീജം) രൂപം കൊള്ളുന്നത്.

പുരുഷ ബീജത്തിന്റെ രൂപീ കരണം (spermatogenesis) തു ടങ്ങുന്നത് പ്രായപൂർത്തിയായ തിനു ശേഷമാണല്ലോ. എന്നാൽ സ്ത്രീകൾ, അവർ പ്രസവിക്കപ്പെടു മ്പോൾതന്നെ അണ്ഡോല്പാദന പ്ര ക്രിയ (oogenesis) ആരംഭിക്കുന്നു. അണ്ഡം രൂപപ്പെടുന്നത് ഊഗോ ണിയ (oogonia) എന്ന ഒരു മാതൃ ബീജകോശങ്ങളിൽനിന്നുമാണ്. ഒരു പെൺകുഞ്ഞ് ജനിക്കുമ്പോൾ




പുരുഷ ബീജങ്ങൾ (sperms)

തന്നെ അവളുടെ ഓരോ അണ്ഡാശയത്തിലും (ovary) രണ്ട് ദശലക്ഷം (2 million) മാതൃ ബീജകോശങ്ങൾ ഉണ്ടാവും. ഇവയിൽ ചിലത് നശിപ്പിക്കപ്പെടുകയും ചിലത് വിഭജിച്ചു പൂർണവളർച്ചയെത്തിയ സ്ത്രീ ബീജമായി മാറുകയും ചെയ്യുന്നു. ഒരു ഊഗോണിയയിൽനിന്നും ഒരു അണ്ഡം മാത്രമാണ് രൂപപ്പെടുന്നത്.

ഊഗോണിയ വിഭജിച്ച് ഒരു അണ്ഡമാകുന്നത് തികച്ചും അത്ഭുതകരമായ പ്രതിഭാസത്തിലൂടെയാണ്. പ്രസവിക്കപ്പെടുന്നതിനു മുമ്പു തന്നെ മുഴുവൻ ഊഗോണിയകളും രൂപപ്പെടുന്നുവെങ്കിലും അവയ്ക്ക് പൂർണവളർച്ചയെത്തുന്നത് ഒരു സ്ത്രീക്ക് പ്രായപൂർത്തിയെത്തുന്നതോടുകൂടിയാണ്. അതായത് ഒരു സ്ത്രീക്ക് ആർത്തവം (menstrual cycle) തുടങ്ങുമ്പോൾ. ഒരു സ്ത്രീയുടെ ആർത്തവചക്രവും അണ്ഡത്തിന്റെ രൂപപ്പെടലും പരസ്പരം സമാന്തരമായി നടക്കുന്ന പ്രക്രിയകളാണ്. ഗർഭാശയത്തിൽ ആർത്തവമാറ്റത്തിന്റെ ഭാഗമായി, അതിന്റെ ഏറ്റവും അകത്തെ പാളികൾ (endometrium) വളരുന്നതിന് സമാന്തരമായി, അണ്ഡാശയത്തിൽ ഊഗോണിയയും വളരുന്നു.

നേരത്തെ സൂചിപ്പിച്ചപോലെ, മാതൃകോശത്തിൽനിന്നും എല്ലാ കോശങ്ങളും വിഭജിച്ച് അണ്ഡമാകുന്നില്ല. ഇങ്ങനെ വിഭജനത്തിന് വിധേയമാകുന്ന മാതൃകോശത്തെ പ്രാഥമിക സ്ത്രീ ബീജം (primary oocyte) എന്ന് വിളിക്കുന്നു. ഇവക്ക് 23 ജോഡി ക്രോമസോമുകൾ ഉണ്ട്.

പ്രാഥമിക സ്ത്രീബീജം രണ്ടുതരം വിഭജനങ്ങൾക്ക് വിധേയമാകുന്നു. ആദ്യത്തെ വിഭജനം കഴിയുന്നതോടുകൂടി അവ രണ്ടാംഘട്ട സ്ത്രീബീജം (secondary oocyte) ആയി മാറുന്നു. ഇവയ്ക്ക് ഊഗോണിയയുടെ പകുതി എണ്ണം ക്രോമസോമുകൾ മാത്രമാണുള്ളത്. ഈ വിഭജനത്തിന് പുറമെ ചില മാറ്റങ്ങൾ വരികയും അവ പൂർണവളർച്ചയെത്തുകയും ചെയ്യുന്നു. ഇങ്ങനെ പൂർണവളർച്ചയെത്തിയ രണ്ടാംഘട്ട സ്ത്രീബീജത്തെ ഗ്രാഫിയൻ ഫോളിക്കിൾ (graffian follicle) എന്ന് വിളിക്കുന്നു.

ആർത്തവചക്രം ഏതാണ്ട് പകുതിയാകുമ്പോൾ ലൂട്ടിനെസിങ് ഹോർമോൺ (LH lutinizing hormone) എന്ന സ്രവം സ്ത്രീകളിൽ ധാരാളമായി ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിന്റെ ഫലമായി ഗ്രാഫിയൻ പോളിക്കലിന്റെ (graffian follicle) ആവരണങ്ങൾ പൊട്ടുകയും, അതിൽ നിന്നും രണ്ടാംഘട്ട സ്ത്രീ ബീജം അണ്ഡാശയത്തിൽ നിന്നും പുറത്തേക്ക് ചാടുകയും (ovulation) ചെയ്യുന്നു. ഈ സമയത്ത് തന്നെയാണ് ഈ കോശം അതിന്റെ രണ്ടാംഘട്ട വിഭജനം തുടങ്ങുന്നത്. എന്നാൽ ഒരു പുരുഷ ബീജവുമായി സംയോജിച്ചെങ്കിൽ

**പ്രാഥമിക സ്ത്രീബീജം രണ്ടുതരം വിഭജനങ്ങൾക്ക് വിധേയമാകുന്നു. ആദ്യത്തെ വിഭജനം കഴിയുന്നതോടുകൂടി അവ രണ്ടാംഘട്ട സ്ത്രീബീജം** (secondary oocyte) **ആയി മാറുന്നു. ഇവയ്ക്ക് ഊഗോണിയയുടെ പകുതി എണ്ണം ക്രോമസോമുകൾ മാത്രമാണുള്ളത്. ഈ വിഭജനത്തിന് പുറമെ ചില മാറ്റങ്ങൾ വരികയും അവ പൂർണവളർച്ചയെത്തുകയും ചെയ്യുന്നു. ഇങ്ങനെ പൂർണവളർച്ചയെത്തിയ രണ്ടാംഘട്ട സ്ത്രീബീജത്തെ ഗ്രാഫിയൻ ഫോളിക്കിൾ** (graffian follicle) **എന്ന് വിളിക്കുന്നു.**

മാത്രമെ ഇവയ്ക്ക് ഈ വിഭജനം പൂർത്തിയാക്കി പൂർണവളർച്ചയെത്തിയ അണ്ഡമായി മാറാൻ കഴിയൂ. അല്ലാത്തവ പിന്നീട് നശിപ്പിക്കപ്പെടുന്നു.

അണ്ഡാശയത്തിൽനിന്നും പുറത്തുവരുന്ന സ്ത്രീബീജത്തെ ഗർഭാശയത്തിൽ എത്താൻ സഹായിക്കുന്നത് ഫിംബ്രിയ (fimbriae) എന്ന് വിളിക്കുന്ന, ഗർഭാശയത്തിന്റെ പ്രത്യേക ഭാഗമാണ്. ശേഷം അണ്ഡാശയക്കുഴലിൽവച്ച് സ്ത്രീ ബീജവും പുരുഷ ബീജവും തമ്മിൽ കൂടിച്ചേരുന്നു.

**ശുക്ലം**

പുരുഷന്റെ വിവിധതരം ലൈംഗിക ഗ്രന്ഥികൾ ഉത്പാദിപ്പിക്കുന്ന സ്രവങ്ങളും, വൃഷണം (testes) ഉൽപാദിപ്പിക്കുന്ന പുരുഷബീജവും അടങ്ങിയിരിക്കുന്ന ഒരു മിശ്രിതമാണ് ശുക്ലം (semen). പുരുഷൻ ലൈംഗികമായി ഉത്തേജിപ്പിക്കപ്പെടുമ്പോൾ ശുക്ലം പുരുഷലിംഗംവഴി പുറത്തുവരുന്നു.

<table>
<tr><td rowspan="4">ശുക്ലം<br>(semen)</td><td colspan="2">പുരുഷ ബീജം<br>(sperm)</td></tr>
<tr><td rowspan="3">സെമിനൽ<br>സ്രവം<br>(seminal<br>fluid)</td><td>സെമിനൽ പ്ലാസ്മ<br>(seminal plasma) (60%)</td></tr>
<tr><td>പ്രോസ്റ്റേറ്റ് സ്രവം<br>(prostatic fluid) (30%)</td></tr>
<tr><td>ബൾബോ യൂറിത്രൽ സ്രവം<br>(bulbourethral fluid)</td></tr>
</table>

“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു” (76:2).

സാധാരണ ഒരു പുരുഷനിൽ ഓരോ പ്രാവശ്യവും രണ്ടുമുതൽ അഞ്ചു മില്ലി ലിറ്റർവരെ ശുക്ലം പുറത്തുവരുന്നു. ഇതിൽ ഏകദേശം 200 മുതൽ 300 ദശലക്ഷംവരെ പുരുഷബീജം ഉണ്ടാകും. ഇതിൽ 60% വും സെമിനൽ ഗ്രന്ഥി (seminal gland) ഉൽപാദിപ്പിക്കുന്ന ദ്രാവകമാണ്. ഇതിൽ അടങ്ങിയിരിക്കുന്ന ഫ്രക്ടോസ് (fructose) എന്ന അന്നജത്തിൽനിന്നുമാണ് പുരുഷബീജത്തിന് ആവശ്യമായ ഊർജം ലഭിക്കുന്നത്. ഇതിനുപുറമെ ഇതിൽ മറ്റു പല മൂലകങ്ങളും സ്രവങ്ങളും അടങ്ങിയിട്ടുണ്ട്.

പ്രോസ്റ്റേറ്റ് ഗ്രന്ഥി ഉൽപാദിപ്പിക്കുന്ന സ്രവത്തിൽ ധാരാളം മൂലകങ്ങളും (calcium, zinc, sodium and potassium) ഊർജത്തിന് ആവശ്യമായ സിട്രിക് ആസിഡും അടങ്ങിയിരിക്കുന്നു. ബൾബോയൂറിത്രൽ ഗ്രന്ഥി (bulbourethral gland) ഉത്പാദിപ്പിക്കുന്ന മ്യൂക്കസ് കട്ടിയുള്ള ഒരു സ്രവമാണ്. അത് ശുക്ലത്തെ കൂടുതൽ കട്ടിയുള്ളതാക്കുന്നു.

ശുക്ലം ഉണ്ടാക്കാൻ സഹായിക്കുന്ന വ്യത്യസ്ത ഗ്രന്ഥികൾ ഏതെല്ലാമെന്ന് നോക്കാം.

**സെമിനൽ ഗ്രന്ഥികൾ**

ഓരോ പുരുഷനും രണ്ട് സെമിനൽ ഗ്രന്ഥികൾ വീതമുണ്ട്. ഇവ ഉത്പാദിപ്പിക്കുന്ന സെമിനൽ ദ്രാവകം അൽപം കട്ടിയുള്ളതാണ്. ശുക്ലത്തിന്റെ പകുതിയിൽ അധികം ഭാഗവും ഈ ദ്രാവകമാണ്. ഇതിൽ അന്നജം, കാൽസ്യം, ഹോർമോണുകൾ എന്നിവ അടങ്ങിയിരിക്കുന്നു. ഇതിലെ അന്നജമാണ് പുരുഷ ബീജത്തിന്റെ പ്രധാന ഊർജസ്രോതസ്സ്.

**പ്രോസ്റ്റേറ്റ് ഗ്രന്ഥികൾ**

മൂത്രസഞ്ചിയുടെ തൊട്ടു താഴെയാണ് ഈ ഗ്രന്ഥികൾ നിലകൊള്ളുന്നത്. ഇവ ഉൽപാദിപ്പിക്കുന്ന സ്രവത്തെ പ്രോസ്റ്ററ്റിക് ദ്രാവകം (prostatic fluid) എന്ന് വിളിക്കുന്നു. പ്രോസ്റ്റാഗ്ലാന്റിൻ എന്ന ഹോർമോണും (prostaglandin) സിട്രിക് ആസിഡുമാണ് ഈ ദ്രാവകത്തിലെ സുപ്രധാന ഘടകങ്ങൾ.

**ബൾബോയൂറിത്രൽ ഗ്രന്ഥി**

മൂത്രനാളിയുടെ താഴ്ഭാഗത്താണ് ഈ ഗ്രന്ഥികൾ നിലകൊള്ളുന്നത്. ഇവ ഉൽപാദിപ്പിക്കുന്ന ദ്രാവകം കട്ടിയുള്ളതും മിനുസമുള്ളതുമാണ്. ഇത് ശുക്ലത്തിന്റെയും ബീജത്തിന്റെയും ചലനം കൂടുതൽ എളുപ്പമാക്കുന്നു.

**വൃഷണം**

പുരുഷ ലൈംഗികാവയവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. പുരുഷബീജം ഉൽപാദിപ്പിക്കപ്പെടുന്നത് ഈ ഗ്രന്ഥിയിലാണ്.

*(തുടരും)*

**“കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു” (76:2). സാധാരണ ഒരു പുരുഷനിൽ ഓരോ പ്രാവശ്യവും രണ്ടുമുതൽ അഞ്ചു മില്ലി ലിറ്റർവരെ ശുക്ലം പുറത്തുവരുന്നു. ഇതിൽ ഏകദേശം 200 മുതൽ 300 ദശലക്ഷംവരെ പുരുഷ ബീജമുണ്ടാകും. ഇതിൽ 60% വും സെമിനൽ ഗ്രന്ഥി (seminal gland) ഉൽപാദിപ്പിക്കുന്ന ദ്രാവകമാണ്. ഇതിൽ അടങ്ങിയിരിക്കുന്ന ഫ്രക്ടോസ് (fructose) എന്ന അന്നജത്തിൽനിന്നുമാണ് പുരുഷബീജത്തിന് ആവശ്യമായ ഊർജം ലഭിക്കുന്നത്. ഇതിനുപുറമെ ഇതിൽ മറ്റു പല മൂലകങ്ങളും സ്രവങ്ങളും അടങ്ങിയിട്ടുണ്ട്.**



# വ്യാജ മുദബ്ബിറിന്റെ പേരിൽ അധോഗതിയിലായ സമസ്ത

മൂസ സ്വലാഹി കാര
:97473 45768

അന്ധവിശ്വാസങ്ങൾക്ക് വിരുന്നൊരുക്കി ഒരു നൂറ്റാണ്ട് കാലം സമസ്തക്കാർ അംഗീകരിച്ച് പോന്ന ആശയങ്ങൾക്ക് നിലവിലെ മുശാവറയിൽപ്പെട്ട ചിലർ വിലങ്ങ് വെച്ചിരിക്കുകയാണ്. ‘സമസ്ത ഉലമാ സമ്മേളന’മെന്ന പേരിൽ പേരോട് അബ്ദുറഹ്മാൻ സഖാഫിയും സംഘവും സംഘടിപ്പിക്കുന്ന പുതിയ ആദർശ വിശദീകരണ യോഗങ്ങൾ ഒരു ഭാഗത്തും പഴയ ആദർശത്തിൽതന്നെ കടിച്ചുതൂങ്ങി അഴകുഴമ്പൻ നിലപാടിൽ തുടരുന്ന കാന്തപുരവും അനുകൂലികളും മറുവശത്തുമായിട്ടാണിപ്പോൾ സമസ്ത മുശാവറ ഓടുന്നത്. ഒടിഞ്ഞും നിവർന്നും പല ചർച്ചകൾക്കുമടിയിൽപ്പെട്ട് ഇവരുടെ ആദർശം തകരുകവഴി സമസ്ത തന്നെ തകരുകയാണല്ലോ എന്ന മനോവിഷമത്തിലാണ് പുതുതലമുറയിലെ മുസ്‌ലിയാക്കന്മാർ. ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾക്ക് വിപരീതം പ്രവർത്തിച്ചും സത്യസന്ധരായി തൗഹീദിൽ അടിയുറച്ച് ജീവിക്കുന്നവരെ ആക്ഷേപിച്ചും മുന്നേറിയവർക്ക് ഇങ്ങനെയൊരു ഈ ദുരന്തം അനുഭവിക്കേണ്ടി വന്നതിൽ അത്ഭുതമില്ല.

വിശുദ്ധ ക്വുർആൻ ആദ്യന്തം ഊന്നൽ നൽകിയ, അല്ലാഹുവിന്റെ ഏകത്വത്തെ ചോദ്യം ചെയ്തു കൊണ്ടും നിരസിച്ചുമാണ് പുരോഹിതന്മാർ അവരുടെ തലതിരിഞ്ഞ ആദർശത്തെ സംരക്ഷിച്ചത്. വിശ്വാസത്തിൽ തകരാറ് പറ്റിയവർക്കാണ് ലോകം നിയന്ത്രിക്കുന്നവൻ അല്ലാഹു മാത്രമാണെന്ന തിരിച്ചറിവ് ഇല്ലാതാവുക. സമസ്തയുടെ പട്ടി

**വിശുദ്ധ ക്വുർആൻ ആദ്യന്തം ഊന്നൽ നൽകിയ, അല്ലാഹുവിന്റെ ഏകത്വത്തെ ചോദ്യം ചെയ്തു കൊണ്ടും നിരസിച്ചുമാണ് പുരോഹിതന്മാർ അവരുടെ തലതിരിഞ്ഞ ആദർശത്തെ സംരക്ഷിച്ചത്. വിശ്വാസത്തിൽ തകരാറ് പറ്റിയവർക്കാണ് ലോകം നിയന്ത്രിക്കുന്നവൻ അല്ലാഹു മാത്രമാണെന്ന തിരിച്ചറിവ് ഇല്ലാതാവുക. സമസ്തയുടെ പട്ടികയിലെ വ്യാജ ഔലിയാക്കൾ സർവം നിയന്ത്രിക്കുന്നവരും സർവർക്കും ആശ്രയം നൽകുന്നവരുമാണെത്രെ! അല്ലാഹുവിന്റെ കഴിവുകളെയും വിശേഷണങ്ങളെയും കളിതമാശയായി കാണുന്ന ഇവർ അവന്റെ നിർദേശത്തെ ശ്രദ്ധിച്ചുകൊള്ളട്ടെ.**


കയിലെ വ്യാജ ഔലിയാക്കൾ സർവം നിയന്ത്രിക്കുന്നവരും സർവർക്കും ആശ്രയം നൽകുന്നവരുമാണത്രെ! അല്ലാഹുവിന്റെ കഴിവുകളെയും വിശേഷണങ്ങളെയും കളിതമാശയായി കാണുന്ന ഇവർ അവന്റെ നിർദേശത്തെ ശ്രദ്ധിച്ചു കൊള്ളട്ടെ. അല്ലാഹു പറയുന്നു: "സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി എന്ന് നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്ത്വപ്പെടുത്തുകയും ചെയ്യുക" (17:111). ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹ്) പറയുന്നു: "എന്നാൽ അവൻ ഏകനും ഏവർക്കും ആശ്രയമായിട്ടുള്ളവനുമാകുന്നു. അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന്ന് തുല്യനായി ആരും ഇല്ലതാനും. അവൻ വല്ല സഹായിയോ, രക്ഷാധികാരിയോ, ഉപദേശകനോ ആവശ്യമാകുംവിധം നിന്ദ്യതയിലല്ല. ഒരു പങ്കാളിയുമില്ലാതെ എല്ലാം സൃഷ്ടിച്ച് അവയ്ക്ക് വ്യവസ്ഥ നിർണയിച്ച് നിയന്ത്രിക്കുന്ന ഏകനാണ്" (തഫ്സീർ ഇബ്നു കസീർ).

ഉലമാ സമ്മേളനക്കാർ വിവരിച്ച് കൊടുക്കുന്ന സമസ്തയുടെ പുതിയ നിയമമൊന്ന് വായിക്കാം: "വിശ്വാസികളുടെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ പ്രയാസപ്പെടുന്നതും സംശയങ്ങൾ ജനിപ്പിക്കുന്നതും സത്യമാണെന്ന് തെളിയിക്കാൻ കഴിയാത്തതും കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലും സംസാരിക്കരുത്. സർവ സൃഷ്ടികളെയും നിയന്ത്രിക്കുന്ന വലിയ്യ്, പ്ലെയിനുകൾ മുഴുവൻ ഒരു വലിയ്യ് കണ്ണ് ചിമ്മിയാൽ കൂട്ടിയിടിക്കും തുടങ്ങിയ വാചകങ്ങൾ സംശയങ്ങൾ ജനിപ്പിക്കും" (ഉലമാ സമ്മേളനം/പേജ് 5).

എസ്‌വൈഎസ് പുറത്തിറക്കിയ 'മൗലിദുന്നൂർ ഫീ വലിയില്ലാഹിൽ മദവൂർ' എന്ന മൗലിദ് കിതാബിലടക്കം ലോകം നിയന്ത്രിക്കുന്ന ആളായി പരിചയപ്പെടുത്തപ്പെട്ട സിഎം മടവൂരിന്റെ കള്ളക്കറാമത്തുകൾ വാതോരാതെ പുരോഹിതന്മാരിൽനിന്ന് പുറത്തു ചാടിയതിന്റെ പരിണിത ഫലമായുണ്ടായ ഈ മാറ്റത്തെ മുൻനിറുത്തിയാണ് സമസ്തയുടെ ആദർശത്തകർച്ചയെ നാം വായിക്കേണ്ടത്.

ഇഷ്ടദാസന്മാരായ ഔലിയാക്കളിലൂടെ പതിവല്ലാത്ത നിലയ്ക്ക് അല്ലാഹു നടപ്പിലാക്കുന്ന കാര്യങ്ങളായ കറാമത്തുകളെ സംബന്ധിച്ച് പ്രമാണങ്ങൾ പഠിപ്പിച്ചതിൽ നിൽക്കാതെയും അഹ്‌ലുസ്സുന്നവൽജമാഅയുടെ നിലപാടുകളെ മറികടന്നും പണ്ടുതൊട്ടേ സമസ്തക്കുള്ള വിശ്വാസം നമുക്കൊന്ന് വായിക്കാം.

'ശൈഖുൽ മശായിഖ് സി.എം വലിയ്യുല്ലാഹ്; കറാമത്തുകളും അനുഭവങ്ങളും' എന്ന പേരിൽ കഴക്കൂട്ടം എ.വി ശംസുദ്ദീൻ മുസ്‌ലിയാർ 2023 ഏപ്രിൽ മാസം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ എഴുതിയത് കാണുക: "അപ്പോൾ നബിമാരിൽ നിന്ന് അസാധാരണ സംഭവങ്ങൾ അതായത് അത്ഭുതങ്ങൾ വെളിവാകുന്നതുപോലെ ഔലിയാക്കളിൽ നിന്നും വെളിവാകും. മതപരമായി



**അതീവ ഗുരുതരമായ വാദങ്ങൾ വ്യാജ ഔലിയാക്കളുടെ മേൽ ഇക്കൂട്ടർ ഉന്നയിച്ച് അല്ലാഹുവിനെക്കാൾ അവരെ മഹത്ത്വപ്പെടുത്തി! നബി(സ്വ)യെക്കാൾ വലിയ സ്ഥാനത്തേക്ക് അവരെ ഉയർത്തി! തീക്കൊള്ളികൊണ്ട് തല ചൊറിയുന്ന പണിയാണിവർ തുടർന്ന് പോന്നത്. എത്ര മായ്ച്ചാലും തിരുത്തിയാലും തീരാത്തത്ര നുണകളും കള്ളക്കഥകളും ഇവരാൽ പ്രചരിപ്പിക്കപ്പെട്ടു. ഔലിയാക്കൾക്കുള്ളതായി ഇവർ അവകാശപ്പെടാത്തതായി എന്താണ് ബാക്കിയുള്ളത്? എന്തും പറയാമെന്ന പഴയ നിയമത്തെയാണോ പരിധി നിശ്ചയിക്കണമെന്ന പുതിയ നിയമത്തെയാണോ സമൂഹം ശരിവെക്കേണ്ടത്?**

ഒരു തടസ്സവും അതിനില്ല. ഔലിയാക്കളിൽനിന്ന് ഇന്ന അസാധാരണ സംഭവം മാത്രമെ ഉണ്ടാകാവൂ ഇന്നത് ഉണ്ടായിക്കൂടാ എന്ന് പരിധി നിശ്ചയിക്കാൻ നമുക്ക് കഴിയുകയില്ല. ഏതു നിലയിൽ കൂടിയുള്ള അസാധാരണ സംഭവങ്ങളും അവർ കാരണമായി ഉണ്ടാകും" (പേജ് 38).

ഈ പുസ്തകത്തിന്റെ പ്രത്യേകത മുസ്‌ലിയാർ തന്നെ പറയട്ടെ: "20-5-2022 വെള്ളിയാഴ്ച വൈകുന്നേരം കാരന്തൂർ മർകസിൽവെച്ച് ബഹുമാനപ്പെട്ട എ.പി ഉസ്താദിനെ ഞാൻ നേരിൽ കണ്ട് ശൈഖുനാ സി.എം വലിയല്ലാഹി(റ)യെ കുറിച്ച് ഈ ഗ്രന്ഥം ഇറക്കുന്ന കാര്യം പറഞ്ഞപ്പോൾ അതിനുള്ള സമ്മതം തരുകയും ശൈഖുൽ മശായിഖ് സി.എം വലിയ്യുല്ലാഹ്(റ) എന്ന് ഈ ഗ്രന്ഥത്തിന് ഉസ്താദവർകൾ തന്നെ പേര് നിർദ്ദേശിക്കുകയും ചെയ്തു" (പേജ് 12).

യഥാർഥത്തിൽ സമസ്തയിലെ ചില 'ഫസാദുകൾ' പേരോടിന്റെയും കൂട്ടരുടെയും കണ്ണിലെ കരടായപ്പോൾ അവരെ തോണ്ടിക്കളയണമെന്ന ലക്ഷ്യത്തിലാണ് മുന്നിട്ടിറങ്ങിയതെങ്കിലും ആ കേടുകൾ സമസ്തയെ മൊത്തത്തിൽ ബാധിച്ചിരിക്കുകയാണിപ്പോൾ.

ഔലിയാക്കളുടെ കാര്യത്തിൽ നാളിതുവരെ മുസ്‌ലിയാക്കന്മാർ സ്വീകരിച്ച നയത്തെയാണ് ഗ്രന്ഥകർത്താവ് ശംസുദ്ദീൻ മുസ്‌ലിയാർ പരിഗണിച്ചത്. ഇദ്ദേഹവും കാന്തപുരവും ഉലമാ സമ്മേളനക്കാർ മാറ്റിയ ആദർശത്തിന്റെ അരികിലേക്ക് വരാനോ അതിനെ വാരിപ്പുണരാനോ തയ്യാറല്ലെന്ന് ഇതിൽനിന്ന് വ്യക്തം. പേരോട് പക്ഷത്തിന്റെ പുതിയ വിശ്വാസപ്രകാരം കാന്തപുരത്തിന്റെയും കഴക്കൂട്ടത്തിന്റെയും ഇസ്‌ലാമെന്താണെന്നറിയാൻ താൽപര്യമുണ്ട്. അച്ചടിച്ചുവിട്ട പുതിയ തത്ത്വം ശരിയല്ലെങ്കിൽ മുശാവറയിലെ പുത്തൻവാദികൾക്കു നേരെ 'തർക്കുൽ മുവാലാത്ത്'(ബന്ധ വിച്ഛേദനം) പരസ്യമായി പ്രഖ്യാപിക്കാൻ കാന്തപുരം രംഗത്ത് വരുമോ?

ആദർശ രംഗത്ത് സമസ്തയുടെ മുഖ്യനായ പൊന്മള അബ്ദുൽ ഖാദിർ മുസ്‌ലിയാർ എഴുതിയത് കൂടി വായിക്കാം:

"ചോദ്യം: മുഅ്ജിസത്ത്, കറാമത്ത് എന്നിവകൊണ്ട് അമ്പിയാഅ്, ഔലിയാഅ് തുടങ്ങിയ മഹാന്മാർ സഹായിക്കും എന്നാണല്ലോ സുന്നികൾ പറയുന്നത്. അമ്പിയാഇന്റെയും ഔലിയാഇന്റെയും ഇഷ്ടാനുസരണ പ്രകാരം പ്രകടിപ്പിക്കാൻ സാധിക്കുന്നതാണോ മുഅ്ജിസത്തും കറാമത്തും? വിശദീകരിച്ചാലും.

ഉത്തരം: അസാധാരണ സംഭവങ്ങളാണ് മുഅ്ജിസത്തും കറാമത്തും ആകുന്നത്. സാധാരണക്കാരിൽനിന്ന് സാധാരണ കാര്യങ്ങൾ ഇഷ്ടത്തിനൊത്തും അല്ലാതെയും സംഭവിക്കുന്നതുപോലെ അസാധാരണക്കാരായ അമ്പിയാ-ഔലിയാക്കളിൽനിന്ന് അസാധാരണ കാര്യങ്ങളായ മുഅ്ജിസത്തും കറാമത്തും ഇഷ്ടത്തിനൊത്തും അല്ലാതെയും സംഭവിക്കും" (ഫതാവാ മുഹ്‌സിസ്സുന്ന/ പേജ് 401).

ഇതേ പുസ്തകത്തിന്റെ 469ാം പേജിൽ അദ്ദേഹം വീണ്ടും എഴുതിയത് കാണുക: "ഇത്രയും വിശദീകരിച്ചതിൽനിന്ന് അമ്പിയാ-ഔലിയാക്കളാകുന്ന മഹാന്മാരുടെ കാഴ്ച, കേൾവി തുടങ്ങിയ കഴിവുകൾ തികച്ചും അസാധാരണമാണെന്നും അതുകൊണ്ട് തന്നെ സാധാരണക്ക് വിരുദ്ധമായി ഒരേസമയത്ത് തന്നെ വളരെ അകലെനിന്നും വിദൂര സ്ഥലങ്ങളിൽനിന്നും വിവിധാവശ്യങ്ങൾക്ക് വേണ്ടിയുള്ള വിളികൾ അവർക്ക് കേൾക്കാനും ഗ്രഹിക്കാനും പരിഹരിക്കാനും കഴിയുമെന്നും ഈ കഴിവ് അല്ലാഹു അവർക്ക് ഔദാര്യമായി കൊടുത്തതാണെന്നും സ്പഷ്ടമായി."

പുരോഹിതന്മാരടക്കമുള്ള സമസ്തയുടെ വക്താക്കൾക്ക് അവർ കൊണ്ടുനടക്കുന്ന ശിയാ ആശയങ്ങളെ പഠിപ്പിക്കാൻ എഴുതപ്പെട്ട ഈ കൃതി മുശാവറ അംഗങ്ങൾ ഒന്നിച്ച് ഒരാവർത്തി വായിച്ചിരുന്നെങ്കിൽ പേരോടക്കമുള്ളവർ 'വഴി പിഴക്കില്ലായിരുന്നു.' പൊന്മള മുസ്‌ലിയാരുടെ കാര്യത്തിൽ വിധി എന്താകുമെന്ന് കൂടി പുതിയ ആദർശക്കാർ സമൂഹത്തെ ബോധ്യപ്പെടുത്തണം. കാന്തപുരം, പേരോട് വിഭാഗങ്ങളിൽ ആരുടെ പക്ഷത്താണ് പൊന്മളയെന്നതും വ്യക്തമാക്കേണ്ടതുണ്ട്.

അതീവ ഗുരുതരമായ വാദങ്ങൾ വ്യാജ ഔലിയാക്കളുടെ മേൽ ഇക്കൂട്ടർ ഉന്നയിച്ച് അല്ലാഹുവിനെക്കാൾ അവരെ മഹത്ത്വപ്പെടുത്തി! നബി(സ്വ)യെക്കാൾ വലിയ സ്ഥാനത്തേക്ക് അവരെ ഉയർത്തി! തീക്കൊള്ളികൊണ്ട് തല ചൊറിയുന്ന പണിയാണിവർ തുടർന്ന് പോ

ന്നത്. എത്ര മായ്ച്ചാലും തിരുത്തിയാലും തീരാത്തത്ര നുണകളും കള്ളക്കഥകളും ഇവരാൽ പ്രചരിപ്പിക്കപ്പെട്ടു. ഔലിയാക്കൾക്കുള്ളതായി ഇവർ അവകാശപ്പെടാത്തതായി എന്താണ് ബാക്കിയുള്ളത്? എന്തും പറയാമെന്ന പഴയ നിയമത്തെയാണോ പരിധി നിശ്ചയിക്കണമെന്ന പുതിയ നിയമത്തെയാണോ സമൂഹം ശരിവെക്കേണ്ടത്?

ശംസുൽ ഉലമാ പദവി നൽകി സമസ്തക്കാർ ആദരിച്ച ഇ.കെ അബൂബക്കർ മുസ്‌ലിയാരുടെ അനുഭവം എന്ന പേരിൽ എഴുതിവിട്ടത് വായിക്കാം: “വയനാട്ടിലെ കെല്ലൂരിലെ ഒരു ഉസ്താദ് സി.എം വലിയുല്ലാഹി മടവൂർ തങ്ങളെ സന്ദർശിച്ച് ദീർഘനേരം സംസാരിച്ചു. അദ്ദേഹത്തിന്റെ ഉസ്താദായ ശംസുൽ ഉലമാ ഇതറിഞ്ഞു വിളിപ്പിച്ചു. എന്നിട്ട് ചോദിച്ചു: ‘നിനക്ക് എന്താ മനസ്സിലായത്?’ അദ്ദേഹം പറഞ്ഞു: ‘ഒരു അസാധാരണ കഴിവുള്ള മനുഷ്യനാണെന്ന് മനസ്സിലായി. സൗമ്യമായി വളരെ നല്ല നിലക്ക് സംസാരിച്ചു.’ അപ്പോൾ ശംസുൽ ഉലമാ ചോദിച്ചു: ‘സംസാരിക്കുന്നതിനിടയിൽ കഴുത്തിൽനിന്ന് ഒരു ശബ്ദം പുറപ്പെടാറുണ്ട്. ‘മാ അന കുൻതു’ എന്നാണ് പറയുന്നത്. ഇതിന്റെ അർഥം എന്താണെന്ന് നിനക്ക് അറിയില്ല അല്ലേ? ഞാനിപ്പോൾ ഇവിടെയുണ്ടായിരിക്കും, അതേസമയം മറ്റൊരു സ്ഥലത്തു



മുണ്ടായിരിക്കും. ഇതാണ് പ്രസ്തുത അറബി വാക്യത്തിന്റെ പൊരുൾ” (ശംസുൽ ഉലമയും ഔലിയാക്കളും/പേജ് 71)

അല്ലാഹുവിന്റെ അറിവും കേൾവിയും കാഴ്ചയും സഹായവും എവിടെയും ഉണ്ടാകുമെന്നതിൽ ഉറച്ച് വിശ്വാസിക്കുന്ന ഒരാൾക്ക് ഇത് ഉൾക്കൊള്ളാൻ കഴിയില്ല. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഒരാൾക്കും ഇത്തരമൊരു കഴിവ് അവൻ നൽകുകില്ല. അല്ലാഹു പറയുന്നു: “നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട് താനും. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി കണ്ടറിയുന്നവനാകുന്നു” (57:4).

ഇബ്നു കസീർ(റഹ്) പറയുന്നു: “കരയിലോ കടലിലോ, രാത്രിയിലോ പകലിലോ, വീടുകളിലോ മരുഭൂമികളിലോ എവിടെയായിരുന്നാലും നിങ്ങൾക്കുമേൽ നിരീക്ഷകനായും നിങ്ങളുടെ കർമങ്ങൾക്ക് സാക്ഷിയായും അവന്റെ അറിവ് എല്ലായിടത്തും തുല്യമായിരിക്കും” (തഫ്സീർ ഇബ്നു കസീർ). പേരോടിന്റെ നയംമാറ്റ പ്രകാരം ഇ.കെ അതിരുവിട്ടോ ഇല്ലയോ എന്ന വിധികൂടി പുറത്ത് വരണം.


കാന്തപുരം പേര് നൽകിയ പുസ്തകത്തിൽനിന്ന് വായിക്കാം: “ശൈഖുനാ സി.എം വലിയ്യുല്ലാഹി(റ)ക്ക് ലൗഹുൽ മഹ്ഫൂളാകുന്ന ആലമുൽ മലക്കൂത്തിലേക്ക് തുറക്കപ്പെടുന്ന ഹൃദയവാതിൽ ഉണ്ടാകും. അതിൽ കൂടിയാകാം മഹാനവർകൾ മറഞ്ഞ കാര്യങ്ങൾ ദർശിക്കുന്നത് എന്ന് പറഞ്ഞാൽ അത് തെറ്റാകുമെന്ന് തോന്നുന്നില്ല... ചുരുക്കത്തിൽ ലൗഹുൽ മഹ്ഫൂളിൽനിന്ന് മറഞ്ഞ കാര്യങ്ങൾ അറിയുക എന്നത് ഔലിയാക്കളുടെ കറാമത്തായി സംഭവിക്കാം എന്ന് വ്യക്തമായിരിക്കെ ശൈഖുനാ സി.എം വലിയ്യുല്ലാഹി(റ)ക്ക് അതിനു കഴിയുകയില്ല എന്നു പറയാൻ മാത്രം നമുക്ക് യോഗ്യതയില്ല എന്ന് നാം മനസ്സിലാക്കുക” (പേജ് 43). നബി(സ്വ) പോലും ഇത്തരമൊരു കഴിവ് തനിക്കുള്ളതായി അവകാശപ്പെട്ടിട്ടില്ല എന്ന വസ്തുത വായനക്കാർ മനസ്സിലാക്കുക. യഥാർഥ വലിയ്യുകളാരും ഇങ്ങനെ അവകാശപ്പെട്ടിട്ടില്ല, അവകാശപ്പെടുകയുമില്ല.

അല്ലാഹു പറയുന്നു: “അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല” (6:59).

പാറന്നൂർ ഇബ്റാഹീം മുസ്‌ലിയാരെ കുറിച്ച് എഴുതുന്നു: “സി.

**പാറന്നൂർ ഇബ്റാഹീം മുസ്‌ലിയാരെ കുറിച്ച് എഴുതുന്നു: “സി.എം ആത്മീയ ലോകത്തേക്ക് കയറുകയും സർവ്വരുടെയും ആശാകേന്ദ്രമാവുകയും ചെയ്തപ്പോഴും പാറന്നൂർ ഉസ്താദ് അവരെ കൈവിട്ടില്ല. തന്റെ പഴയകാല ബന്ധം ഉപയോഗപ്പെടുത്തി എന്നും അവരെ മുറുകെ പിടിക്കുകയും അവരുടെ ഒപ്പം നിൽക്കാൻ അവസരം തരപ്പെടുത്തുകയും ചെയ്തു. അന്നുമുതൽ ഏതൊരു കാര്യവും അവരോടു ചോദിച്ചു മാത്രമേ ഉസ്താദ് ചെയ്യുമായിരുന്നുള്ളൂ. എന്തിനും മഹാനവറുകളുടെ സമ്മതം വാങ്ങും’’ (പാറന്നൂർ ഇബ്റാഹീം മുസ്‌ലിയാർ/പേജ് 233, 234) .ഔലിയാക്കൾക്ക് എന്തിനും കഴിയുമെന്ന ധാരണയിൽ നടക്കുന്ന ഇത്തരം മുസ്‌ലിയാക്കന്മാരെ ഏത് വിധിയിലാണ് പുതിയ നയപ്രകാരം പെടുത്തുക?**

**ചിന്തിക്കുക! ബുദ്ധി നഷ്ടപ്പെട്ട നിലയിൽ ജീവിച്ച സിഎം മടവൂരിന്റെ പേരിൽ കള്ളക്കഥകൾ പറഞ്ഞു പരത്തിയതിന്റെ ഫലമാണിതെല്ലാം. കള്ളക്കഥകളെ താലോലിച്ചവർ വലയുകയും പഴയ വിശ്വാസത്തെ സംരക്ഷിക്കാൻ മുന്നിട്ടവർ കുടുങ്ങുകയും ഇരു വിഭാഗത്തേയും ഉൾക്കൊള്ളാനാവാതെ സമസ്ത തളരുകയുമാണിപ്പോൾ. "തീർച്ചയായും സത്യവിശ്വാസം വിറ്റു സത്യനിഷേധം വാങ്ങിയവർ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്താൻ പോകുന്നില്ല. വേദനയേറിയ ശിക്ഷയാണവർക്കുള്ളത്'' (ഖുർആൻ 3:177).**



എം ആത്മീയ ലോകത്തേക്ക് കയറുകയും സർവ്വരുടെയും ആശാകേന്ദ്രമാവുകയും ചെയ്തപ്പോഴും പാറന്നൂർ ഉസ്താദ് അവരെ കൈവിട്ടില്ല. തന്റെ പഴയകാല ബന്ധം ഉപയോഗപ്പെടുത്തി എന്നും അവരെ മുറുകെ പിടിക്കുകയും അവരുടെ ഒപ്പം നിൽക്കാൻ അവസരം തരപ്പെടുത്തുകയും ചെയ്തു. അന്നു മുതൽ ഏതൊരു കാര്യവും അവരോടു ചോദിച്ചു മാത്രമേ ഉസ്താദ് ചെയ്യുമായിരുന്നുള്ളൂ. എന്തിനും മഹാനവറുകളുടെ സമ്മതം വാങ്ങും" (പാറന്നൂർ ഇബ്റാഹീം മുസ്‌ലിയാർ/പേജ് 233, 234). ഇതേ പുസ്തകത്തിന്റെ 242ാം പേജിൽ കാണാം: "തന്റെ മക്കളിൽ ചിലർ ചിലപ്പോൾ ഉസ്താദിനോട് വല്ല ആവലാതിയും പറയുമ്പോൾ പോലും ഉസ്താദ് ചോദിച്ചിരുന്നത് സി.എം നിന്നോട് എന്താണ് പറഞ്ഞത്, സി.എം അങ്ങനെ ചെയ്യാൻ പറഞ്ഞോ പോലെയുള്ള ചോദ്യങ്ങളാണ്. സി.എം ജീവിച്ചിരിക്കുന്ന പ്രതീതിയായിരുന്നു അതിൽ. തന്റെ മക്കളെ പോലും സി എം ഇന്നും നിയന്ത്രിക്കുന്നുവെന്ന ഒരു ബോധം ഉസ്താദിനുണ്ടായിരുന്നു."

ഔലിയാക്കൾക്ക് എന്തിനും കഴിയുമെന്ന ധാരണയിൽ നടക്കുന്ന ഇത്തരം മുസ്‌ലിയാക്കന്മാരെ ഏത് വിധിയിലാണ് പുതിയ നയപ്രകാരം പെടുത്തുക?

അടിമകൾക്ക് അഭയവും സംരക്ഷണവും നൽകുന്ന ഏക ശക്തി അല്ലാഹു മാത്രമായിരിക്കെ മരിച്ചവരിൽ ആശ്രയം തേടുന്നത് മണ്ടത്തരം മാത്രമാണ്. അല്ലാഹു പറയുന്നു: "ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു മതി" (4:132).

സമസ്തയുടെ ആശയപതനം മുസ്‌ലിയാക്കന്മാരുടെ നേതൃത്വത്തിൽതന്നെ നടക്കുന്നതിന്റെ വ്യക്തമായ തെളിവുകളാണിതെല്ലാം. പേരോട് പക്ഷത്തെ ശംസുദ്ദീൻ മുസ്‌ലിയാർ ശക്തമായി പ്രഹരിക്കുന്നത് കൂടി കാണുക: "അപ്പോൾ അമ്പിയാക്കളിൽനിന്ന് മുഅ്ജിസത്ത് മുഖേന സഹായം ലഭിക്കുന്നതു പോലെ ഔലിയാക്കളിൽനിന്ന് കറാമത്ത് മുഖേനയും സഹായം ലഭിക്കാം. ബഹുമാനപ്പെട്ട ശൈഖുനാ സിഎം വലിയ്യുല്ലാഹി(റ) ഒരു വലിയ്യ് ആയതുകൊണ്ടുതന്നെ മഹാനവർകളിൽനിന്ന് പല കറാമത്തുകളും പ്രകടമാകുകയും അതുമുഖേന മറ്റുള്ളവർക്ക് സഹായം ലഭിക്കുകയും ചെയ്യുന്നു എന്ന യാഥാർത്ഥ്യത്തെ തള്ളിക്കളയാൻ നമ്മുക്ക് കഴിയുകയില്ല" (പേജ് 53). ഇതിന്റെ 59ാം പേജിൽ ഇങ്ങനെ കാണാം: "ജീവിത കാലത്തെന്നപോലെ വഫാത്തിനുശേഷവും ശൈഖുനയെ സിയാറത്ത് ചെയ്യുന്നവർക്ക് ശൈഖുനായോട് സങ്കടം പറയുന്നവർക്ക് മഹാനവർകളുടെ പേരിൽ വിശുദ്ധ ഖുർആൻ ഓതി ഹദിയ്യഃ ചെയ്യുന്നവർക്കും പ്രശ്നപരിഹാരം ലഭിക്കുന്നു എന്നത് തള്ളിക്കളയാൻ കഴിയാത്ത സത്യമാണ്. ജീവിതകാലത്ത് പ്രകടമായതുപോലെ മഹാനവർകളുടെ കറാമത്തുകൾ ഇന്നും അവിടത്തെ മുരീദന്മാരും മുഹിബ്ബീങ്ങളും അനുഭവിക്കുന്നുണ്ട്."

ചിന്തിക്കുക! ബുദ്ധി നഷ്ടപ്പെട്ട നിലയിൽ ജീവിച്ച സിഎം മടവൂരിന്റെ പേരിൽ കള്ളക്കഥകൾ പറഞ്ഞു പരത്തിയതിന്റെ ഫലമാണിതെല്ലാം. കള്ളക്കഥകളെ താലോലിച്ചവർ വലയുകയും പഴയ വിശ്വാസത്തെ സംരക്ഷിക്കാൻ മുന്നിട്ടവർ കുടുങ്ങുകയും ഇരു വിഭാഗത്തേയും ഉൾക്കൊള്ളാനാവാതെ സമസ്ത തളരുകയുമാണിപ്പോൾ.

"തീർച്ചയായും സത്യവിശ്വാസം വിറ്റു സത്യനിഷേധം വാങ്ങിയവർ അല്ലാഹുവിന് ഒരു ദ്രോഹവും വരുത്താൻ പോകുന്നില്ല. വേദനയേറിയ ശിക്ഷയാണവർക്കുള്ളത്" (ഖുർആൻ 3:177).

# ഹേമന്ദ് ഗുപ്തയുടെ വിധിന്യായങ്ങളിലൂടെ 05



സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

## ശബരിമല കേസും ശിരോവസ്ത്രവും

ശിരോവസ്ത്ര സ്വാതന്ത്ര്യത്തിനായി പൊരുതുന്ന വിദ്യാർഥികൾക്ക് വേണ്ടി ഹാജരായ പ്രമുഖ അഭിഭാഷകർ ഉയർത്തിപ്പിടിച്ച വാദങ്ങളെ സംഗ്രഹം ചെയ്ത ജസ്റ്റിസ് ഹേമന്ദ് ഗുപ്ത തുടർന്ന് അഭിഭാഷകരുടെ വാദങ്ങളെ ഒന്നൊന്നായി ഖണ്ഡിക്കാനാണ് ശ്രമിച്ചത്. വാദങ്ങളെ 11 ഇനങ്ങളായി തരം തിരിച്ച് ഓരോന്നും പ്രത്യേകമായി ചർച്ച ചെയ്തുകൊണ്ടുള്ള ശൈലിയാണ് അദ്ദേഹം വിധിന്യായത്തിൽ സ്വീകരിച്ചത്. ശബരിമല വിഷയത്തിലുള്ള കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ചിന്റെ പരിഗണനയിലാണ്. അതോടൊപ്പം ശിരോവസ്ത്ര കേസും കൂടി പരിഗണിക്കണമെന്ന അഭിഭാഷകരുടെ ആവശ്യത്തിന്മേലാണ് ആദ്യമായി ഗുപ്ത അഭിപ്രായപ്രകടനം നടത്തിയത്.

## ഭരണഘടനാ ബെഞ്ചും 145(3)ാം അനുച്ഛേദവും

നിയമത്തിന്റെ വ്യഖ്യാനം ആവശ്യമായിവരുന്ന കേസുകളിൽ തീരുമാനമെടുക്കുന്നതിനോ ഭരണഘടനയുടെ 143ാം അനുച്ഛേദമനുസരിച്ച് രാഷ്ട്രപതി ഒരു വിഷയത്തിൽ നടത്തിയിട്ടുള്ള പരാമർശം കേൾക്കുന്നതിനോ കുറഞ്ഞത് അഞ്ച് ജഡ്ജിമാരെങ്കിലും അടങ്ങുന്ന സുപ്രീം കോടതിയുടെ ബെഞ്ചുകൾക്കാണ് ഭരണഘടനാ ബെഞ്ച് എന്ന് പറയുന്നത്. ഭരണഘടനയുടെ 145(3) അനുച്ഛേദമാണ് ഇങ്ങനെയുള്ള ബെഞ്ചുകൾക്ക് നിയമസാധുത നൽകിയിട്ടുള്ളത്. ഇന്ത്യൻ പാർലമെന്റ് പാസാക്കുന്ന ഭരണഘടനാ ഭേദഗതികളിൽ വരുന്ന കേസുകളും സുപ്രീംകോടതി ഇതേ ബെഞ്ചുകൾക്കാണ് വിടാറുള്ളത്. ഭരണഘടനാ ബെഞ്ച് രൂപീകരിക്കാനും കേസുകൾ അതിലേക്ക് റെഫർ ചെയ്യാനുമുള്ള അധികാരം ചീഫ് ജസ്റ്റിസിനാണ്.

ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം നിരോധിച്ചുകൊണ്ടുള്ള നടപടികൾ ശരിവെച്ച കേരള ഹൈക്കോടതി വിധിക്കെതിരെ ഇന്ത്യൻ യങ് ലോയേഴ്സ് അസോസിയേഷൻ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ചിലെ നാല് ജഡ്ജിമാർ കേരള ഹൈക്കോടതി വിധി റദ്ദാക്കിക്കൊണ്ട് ശബരിമലയിൽ സ്ത്രീപ്രവേശനം അനുവദിച്ചുകൊണ്ട് 2018ൽ വിധി പുറപ്പെടുവിക്കുകയുണ്ടായി. ബെഞ്ചിലെ ഒരംഗം മാത്രമാണ് സ്ത്രീകൾക്ക് പ്രവേശനം പാടില്ല എന്ന വിധി ശരിവെച്ചത്. ഈ വിധിക്കെതിരെ സുപ്രീംകോടതിയിൽ 19 റിവ്യൂ പെറ്റിഷനുകൾ വന്നു. മതത്തിന്റെ അവിഭാജ്യഘടങ്ങങ്ങളായ ആചാരങ്ങൾ (Essential Religious Practice) അതാത് മതങ്ങളാണ് തീരുമാനിക്കേണ്ടത് എന്നാണ് റിവ്യൂ

പെറ്റിഷനുകളിലെ പ്രധാന പോയന്റ്. മറ്റൊരു പ്രശ്നമായി അഭിഭാഷകർ ചൂണ്ടിക്കാട്ടിയത് ശിരോവസ്ത്ര കേസിൽ നിയമത്തിന്റെ വ്യഖ്യാനങ്ങൾ അനിവാര്യമായി വന്നിരിക്കുന്നതുകൊണ്ട് 145(3) അനുസരിച്ച് ഇത് ഭരണഘടനാബെഞ്ചിന് വിടണം എന്നതാണ്. എന്നാൽ ഏതെങ്കിലും ഒരു കേസ് ഭരണഘടനാ ബെഞ്ചിന് വിടാൻ സുപ്രീംകോടതി തീരുമാനിച്ചാൽ അതുപോലുള്ള എല്ലാം അങ്ങനെ ചെയ്യണം എന്ന വാദം പരിഗണിക്കാൻ കഴിയില്ല എന്നാണ് ജസ്റ്റിസ് ഗുപ്ത പറയുന്നത്. 'ശബരിമല കേസ് പരിഗണിക്കാം; എന്നാൽ ശിരോവസ്ത്ര കേസ് പരിഗണിക്കാൻ കഴിയില്ല' എന്നാണ് അദ്ദേഹം പറഞ്ഞുവെക്കുന്നത്.

ശബരിമല കേസിൽ സുപ്രീം കോടതി നടത്തിയ വിധി ജുഡീഷ്യൽ അധികാരത്തിന്റെ ലംഘനമാണ് എന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് വിശാലാബെഞ്ചിന് വിട്ടത്. എന്നാൽ ഇവിടെ ശിരോവസ്ത്ര വിഷയത്തിൽ അങ്ങനെയൊരു വാദമില്ല. ഒരു മതേതര പരിസരത്ത് ശിരോവസ്ത്രം നിയന്ത്രിക്കാമോ എന്നത് മാത്രമാണ് ഇവിടെയുള്ള വിഷയം. അതുകൊണ്ട് ശിരോവസ്ത്ര വിഷയത്തെ ശബരിമല വിഷയം പോലെ കാണാൻ കഴിയില്ലെന്നും ശബരിമല റിവ്യൂ പരിഗണിക്കുന്ന കൂട്ടത്തിൽ ഭരണഘടനാ ബെഞ്ച് ശിരോവസ്ത്ര കേസും പരിഗണിക്കണമെന്ന വാദം അംഗീകരിക്കാൻ കഴിയില്ലെന്നുമാണ് ഗുപ്തയുടെ പക്ഷം.

**ഗുപ്ത കാണാതെപോയ ജുഡീഷ്യൽ ലംഘനം**

കർണാടക ഹൈക്കോടതി വിധിയിൽ ജുഡീഷ്യൽ അധികാരത്തിലുള്ള ലംഘനമുണ്ട് എന്ന കാര്യം ജസ്റ്റിസ് ഗുപ്ത കാണാതെ പോകുന്നു. ഭരണഘടന മൗലികാവകാശമായി പ്രഖ്യാപിച്ച ഒരു കാര്യത്തിൽ മതേതര പരിസരങ്ങളിൽ അത് പാടില്ലെന്ന് പറയാൻ കോടതിക്ക് അധികാരമില്ല എന്ന വസ്തുതയാണ് അഭിഭാഷകർ നേരത്തെ ചൂണ്ടിക്കാണിച്ചത്. ക്രമസമാധാനത്തെയോ ധാർമികതയെയോ ആരോഗ്യത്തെയോ ഒരു നിലക്കും ബാധിക്കാത്ത വിധത്തിൽ ഒരു പെൺകുട്ടി തലയിൽ ഒരു തുണി ധരിക്കുന്നതിനെ തടയാൻ ഒരാൾക്കും അധികാരമില്ല. കർണാടക ഭരണകൂടം ചെയ്ത ഈ മൗലികാവകാശ ലംഘനത്തിന്റെ കാര്യത്തിൽ അവർക്കനുകൂലമായി കർണാടക ഹൈക്കോടതി നടത്തിയ പരാമർശങ്ങൾ ജുഡീഷ്യൽ അധികാരത്തിന്റെ ലംഘനമാണെന്ന് പ്രത്യക്ഷത്തിൽതന്നെ ബോധ്യപ്പെടുന്ന കാര്യമാണ്. ഈ ജുഡീഷ്യൽ ലംഘനത്തെ എന്തുകൊണ്ട് ജസ്റ്റിസ് ഗുപ്ത കാണാതെ പോകുന്നു എന്നതാണ് ഇവിടെ ഉയർന്നുവരുന്ന പ്രധാന ചോദ്യം.

**യൂണിഫോമും മാനേജ്മെന്റ് അധികാരങ്ങളും**

ഗുപ്ത സംഗ്രഹിച്ചതിലെ രണ്ടാമത്തെ വിഷയം യൂണിഫോമുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പാക്കുന്നതിന് സ്കൂൾ മാനേജ്മെന്റിനെ ഉത്തരവാദപ്പെടുത്താൻ സർക്കാരിന് അധികാരമുണ്ടോ എന്ന വിഷയമാണ്. പ്രസ്തുത വിഷയത്തിൽ അഭിഭാഷകർ ഉയർത്തിപ്പിടിച്ച വാദങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

1) സ്കൂളുകളിലെ ക്രമസമാധാനപാലനത്തിന് വേണ്ടിയാണ് വികസനസമിതികളും മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിച്ചിരിക്കുന്നത് എന്ന വാദം തെറ്റാണ്. കാരണം സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന്റെ ഉത്തരവാദിത്തം സർക്കാറിനാണ്. സർക്കാറിന്റെ അധികാരം ഇത്തരം സമിതികൾക്ക് നൽകുന്നത് ഭരണഘടനാവിരുദ്ധമാണ്.
2) പ്രത്യക്ഷത്തിൽ സർക്കാർ ഉത്തരവ് മതനിരപേക്ഷമാണെന്ന് തോന്നുമെങ്കിലും അത് ഒരു പ്രത്യേക മതവിഭാഗത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ളതാണെന്ന് വളരെ വ്യക്തമാണ്.
3) പൗരന്റെ മൗലികാവകാശങ്ങളെ നിയന്ത്രിക്കാൻതക്ക അധികാരമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയല്ല സ്കൂൾ വികസനസമിതിയും മാനേജ്മെന്റ് കമ്മിറ്റിയും.

**മർമത്തിൽ തൊടാത്ത വിധിന്യായം**

അഭിഭാഷകർ ചൂണ്ടിക്കാട്ടിയ വളരെ പ്രസക്തമായ കാര്യങ്ങളെക്കുറിച്ച് 'ഹർജിക്കാർ ഉന്നയിക്കുന്ന വാദങ്ങളിൽ ഞാൻ ഒരു കഴമ്പും കാണുന്നില്ല' എന്ന് മാത്രം പറഞ്ഞ് ഒറ്റവാക്കിൽ അവസാനിപ്പിക്കുകയാണ് ഗുപ്ത ചെയ്തിട്ടുള്ളത്. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, അക്കാദമിക നിലവാരം ഉറപ്പുവരുത്തൽ, ഗ്രാന്റുകൾ യഥാവിധി വിനിയോഗിക്കൽ തുടങ്ങിയ കാര്യങ്ങൾ നിർവഹിക്കാൻ പ്രസ്തുത സമിതികൾക്ക് അധികാരമുണ്ട് എന്നതിന്റെ ചുവടുപിടിച്ചാണ് സ്ഥാപനങ്ങൾ ഇച്ഛിക്കുന്ന വിധം യൂണിഫോം നടപ്പാക്കാൻ അധികാരമുണ്ട് എന്നതിലേക്ക് ജസ്റ്റിസ് ഗുപ്ത പറഞ്ഞൊപ്പിക്കുന്നത്. തോന്നിയപോലെ നിയമങ്ങൾ ഉണ്ടാക്കാനുള്ള അധികാരമില്ലാത്ത ഒരു സമിതി ഏതെങ്കിലും സമുദായത്തെയോ സമൂഹത്തെ

**ശബരിമല കേസിൽ സുപ്രീം കോടതി നടത്തിയ വിധി ജുഡീഷ്യൽ അധികാരത്തിന്റെ ലംഘനമാണ് എന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് വിശാലാബെഞ്ചിന് വിട്ടത്. എന്നാൽ ഇവിടെ ശിരോവസ്ത്ര വിഷയത്തിൽ അങ്ങനെയൊരു വാദമില്ല. ഒരു മതേതര പരിസരത്ത് ശിരോവസ്ത്രം നിയന്ത്രിക്കാമോ എന്നത് മാത്രമാണ് ഇവിടെയുള്ള വിഷയം. അതുകൊണ്ട് ശിരോവസ്ത്ര വിഷയത്തെ ശബരിമല വിഷയം പോലെ കാണാൻ കഴിയില്ലെന്നും ശബരിമല റിവ്യൂ പരിഗണിക്കുന്ന കൂട്ടത്തിൽ ഭരണഘടനാ ബെഞ്ച് ശിരോവസ്ത്ര കേസും പരിഗണിക്കണമെന്ന വാദം അംഗീകരിക്കാൻ കഴിയില്ലെന്നുമാണ് ഗുപ്തയുടെ പക്ഷം.**

യോ പ്രത്യേകമായി ബാധിക്കുന്ന വിധത്തിൽ നിയമങ്ങൾ ഉണ്ടാക്കുന്നത് ഭരണഘടനയുടെ പാർട്ട് മൂന്നിലെ വിവിധ അനുച്ഛേദങ്ങൾക്ക് വിരുദ്ധമാണ് എന്ന അഭിഭാഷകർ ചൂണ്ടിക്കാണിച്ച വിഷയത്തെ ഖണ്ഡിക്കാൻ പര്യാപ്തമായിരുന്നില്ല ജസ്റ്റിസ് ഗുപ്തയുടെ വിശദീകരണം. വിദ്യാലയങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അനുവദിക്കപ്പെട്ട അളവിൽ ചില ചട്ടങ്ങളുണ്ടാക്കാൻ മാനേജ്മെന്റ് സമിതികൾക്കും പി.ടി.എ പോലുള്ള സംവിധാനങ്ങൾക്കും അധികാരമുണ്ടാവാമെങ്കിലും മൗലികാവകാശങ്ങൾ ഹനിക്കുന്ന, ഭരണഘടന പൗരന് നൽകുന്ന അവകാശങ്ങളെ ഉന്മൂലനം ചെയ്യുന്ന വിധത്തിലുള്ള നിയമനിർമാണം നടത്താൻ അവയ്ക്ക് അധികാരമില്ല എന്ന കാര്യം തുറന്നുപറയാൻ അദ്ദേഹത്തിന് സാധിക്കുന്നില്ല എന്നത് ഖേദകരമാണ്.

**കുട്ടികൾ ഏതുതരത്തിലുള്ള വസ്ത്രം കുട്ടികൾ ധരിക്കണമെന്ന നിയമം ഉണ്ടാക്കാനാണുള്ള അധികാരം അടിസ്ഥാനപരമായി സ്ഥാപനങ്ങൾക്കില്ല. കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്നുകൊണ്ട് ഉണ്ടാക്കുന്ന സമവായങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് യൂണിഫോം നിയമങ്ങൾ രൂപപ്പെടുന്നത്. വസ്ത്രനിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന തരത്തിലുള്ള മൗലികാവകാശങ്ങൾ സ്ഥാപനങ്ങൾക്ക് ഭരണഘടന നൽകിയതായി കാണാൻ സാധിക്കില്ല.**



### റാം ജാവായ കേസും മൗലികാവകാശ നിയന്ത്രണവും

സംസ്ഥാന സർക്കാരിന് മൗലികാവകാശങ്ങൾ നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാമെന്നാണ് ജസ്റ്റിസ് ഗുപ്ത പറയുന്നത്. അതിനായി അദ്ദേഹം ഉദ്ധരിച്ച സുപ്രീം കോടതി വിധിന്യായം 1955ലെ റാം ജാവായ കപൂർ-സ്റ്റേറ്റ് ഓഫ് പഞ്ചാബ് കേസാണ്. ഈ കേസിന്റെ വസ്തുത പരിശോധിക്കുമ്പോൾ ജസ്റ്റിസ് ഗുപ്ത പറയുന്ന വാദങ്ങൾ നിലനിൽക്കില്ല എന്ന് ബോധ്യമാകും. പഞ്ചാബിലെ സ്കൂളുകളിൽ പഠിപ്പിക്കപ്പെടുന്ന ടെക്സ്റ്റ് ബുക്കുകൾ പ്രസിദ്ധീകരിച്ചിരുന്നത് 'ഉത്തർ കപൂർ & സൺസ്' എന്ന പ്രസിദ്ധീകരണാലയമായിരുന്നു. സ്വന്തമായി ബിസിനസ് നടത്തുന്നതിന് ഭരണഘടന നൽകുന്ന അവകാശത്തിന്റെ പിൻബലത്തോടെയായിരുന്നു അവർ പ്രസിദ്ധീകരണം നടത്തിവന്നിരുന്നത്. എന്നാൽ പഞ്ചാബ് വിദ്യാഭ്യാസ വകുപ്പ് പാഠപുസ്തങ്ങളുടെ പ്രസിദ്ധീകരണം ദേശസാൽക്കരിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവന്നു. എന്നാൽ വിദ്യാഭ്യാസവകുപ്പിന്റെ ഈ നടപടി സ്വതന്ത്രമായി ബിസിനസ് നടത്താനുള്ള അവകാശം ഉറപ്പാക്കുന്ന ഭരണഘടനയുടെ 19(1)(ജി) എന്ന അനുച്ഛേദത്തിന്റെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി അപ്പീൽ നൽകി. എന്നാൽ സുപ്രീംകോടതി അവരുടെ അപ്പീൽ തള്ളി. ഒരു വിദ്യാർഥി എന്താണ് പഠിക്കേണ്ടത് എന്ന് തീരുമാനിക്കേണ്ടത് പ്രസിദ്ധീകരണാലയമല്ല, മറിച്ച് വിദ്യാഭ്യാസ വകുപ്പും സ്കൂളുകളുമാണെന്നായിരുന്നു കോടതിയുടെ നിരീക്ഷണം.

ഇ കേസിനെ ശിരോവസ്ത്ര കേസുമായി ബന്ധപ്പെടുത്തുന്നത് ഒട്ടും ന്യായമല്ല എന്ന് പ്രത്യക്ഷത്തിൽ തന്നെ ബോധ്യമാകും. ഒരു സ്ഥാപനത്തിന്റെയോ വകുപ്പിന്റെയോ മൗലികാവകാശമാണ് ഇവിടെ കോടതി അംഗീകരിച്ചിട്ടുള്ളത്. അത്തരം അവകാശങ്ങൾക്കുമേൽ ഒരു ബിസിനസ് സ്ഥാപനത്തിന്റെ മൗലികാവകാശം നിലനിൽക്കില്ല എന്ന് മാത്രമാണ് കോടതി പറഞ്ഞിട്ടുള്ളത്. അതുപോലെതന്നെ ഒരു കുട്ടിയുടെ വസ്ത്ര സ്വാതന്ത്ര്യത്തിൽ വ്യക്തികളുടെ മൗലികാവകാശത്തിനാണ് ഒരു സ്ഥാപനത്തിന്റെ മൗലികാവകാശത്തെക്കാൾ പ്രാമുഖ്യം നൽകേണ്ടത് എന്നുകൂടി ഇതിൽനിന്നും വായിച്ചെടുക്കാവുന്നതാണ്. കുട്ടികൾ ഏതുതരത്തിലുള്ള വസ്ത്രം കുട്ടികൾ ധരിക്കണമെന്ന നിയമം ഉണ്ടാക്കാനാണുള്ള അധികാരം അടിസ്ഥാനപരമായി സ്ഥാപനങ്ങൾക്കില്ല. കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്നുകൊണ്ട് ഉണ്ടാക്കുന്ന സമവായങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ് യൂണിഫോം നിയമങ്ങൾ രൂപപ്പെടുന്നത്. വസ്ത്രനിയമങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന തരത്തിലുള്ള മൗലികാവകാശങ്ങൾ സ്ഥാപനങ്ങൾക്ക് ഭരണഘടന നൽകിയതായി കാണാൻ സാധിക്കില്ല.

*(അടുത്ത ലക്കത്തിൽ: മൗലികാവകാശങ്ങളിൽ നിയന്ത്രണങ്ങളോ?)*

ലേഖനം



# യഹൂദർ ചരിത്രത്തിലും വേദഗ്രന്ഥങ്ങളിലും

ഭാഗം 2

**ഇ.യൂസുഫ് സാഹിബ് നദുവി ഓച്ചിറ**
: 9497385707

ഇസ്‌ലാമിക സമൂഹം പവിത്രത കൽപിക്കുന്നതും ആദരവോടെ വീക്ഷിക്കുന്നതുമായ എല്ലാ ചരിത്രപശ്ചാത്തലങ്ങളെയും യഹൂദർ അവരുടേത് മാത്രമാക്കിത്തീർക്കാനും അതിനനുസൃതമായി അഭിനവ ചരിത്രം പടുത്തുയർത്താനുമുള്ള ശ്രമത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ബൈത്തുൽ മുക്വദ്ദസിന്റെ സമീപത്തുണ്ടായിരുന്ന 'ഹാഇത്വുൽ ബുറാക്വ്' ഇന്ന് യഹൂദർക്ക് 'സ്വന്തം' വിലാപമതിലാണ്. യഹൂദരുടെ പുണ്യതീർഥാടന സ്ഥലമായും അവർക്ക് വിലപിച്ച് പ്രാർഥിക്കാനുള്ള കേന്ദ്രമായും ഈ ഭാഗം അവർ ബലംപ്രയോഗിച്ച് കൈയടക്കിവെച്ചിരിക്കുന്നു. സോളമൻ ചക്രവർത്തി നിർമിച്ച ആരാധനാലയത്തിന്റെ അവശേഷിക്കുന്ന മതിലാണിതെന്ന വ്യാജകഥയാണ് ഇതിനുവേണ്ടി യഹൂദർ പ്രചരിപ്പിച്ചുവരുന്നത്.

1929ൽ യഹൂദരും മുസ്‌ലിം സമൂഹവും തമ്മിൽ ഈ ഭാഗത്തിനെച്ചൊല്ലി ഒരു തർക്കം ഉടലെടുത്തിരുന്നു. തുടർന്ന് തർക്കത്തിൽ മധ്യസ്ഥനായി ഇടപെട്ട യുനൈറ്റഡ് നേഷൻ, ഈ പ്രദേശം മസ്ജിദുൽ അക്സ്വായുടെ ഭാഗംതന്നെയാണെന്നും മുസ്‌ലിം വക്വഫിനാണ് ഇതിന്റെ ഉടമസ്ഥാവകാശമെന്നും തീർപ്പുകൽപിച്ചിരുന്നു. സോളമൻ ചക്രവർത്തി പണികഴിപ്പിച്ച ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ ഈ മതിലിന്റെ താഴ്ഭാഗത്ത് ഉണ്ടെന്ന യഹൂദരുടെ കുപ്രചരണത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭാഗത്ത് പലതവണ വിദഗ്ധർ ഉൾപ്പെടുന്ന പുരാവസ്തു പര്യവേഷണ സമിതി പഠനനിരീക്ഷണങ്ങൾ നടത്തിയിരുന്നു. പക്ഷേ, കണ്ടെടുത്ത അവശിഷ്ടങ്ങളാകട്ടെ മുഴുവനും ഇസ്‌ലാമിക ഭരണകാലവുമായി ബന്ധപ്പെട്ട അടയാളങ്ങൾ മാത്രമായിരുന്നു. എങ്കിലും ഇതിന്റെ പേരിൽ യഹൂദർ നിരന്തരമായി ഈ പ്രദേശത്ത് സംഘർഷങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

**ബലപ്രയോഗത്തിലേക്ക് വഴിമാറുന്ന കുടിയേറ്റ രാഷ്ട്രീയം**

കുടിയേറ്റം (Migration) എന്നതിന്റെ വിവക്ഷയെ അക്ഷരാർഥത്തിൽ അട്ടിമറിച്ച നിലയിലാണ് യഹൂദർ നിർവഹിക്കുന്ന കുടിയേ

**തലമുറകളായി പൂർവികരിലൂടെ കൈവശംവെച്ചനുഭവിച്ചുപോരുന്ന ഭൂമിയും സമ്പത്തും കിടപ്പാടവുമെല്ലാം ഇസ്രയേൽ സൈന്യത്തിന്റെ സഹായത്തോടെ 'ലോകപോലീസിന്റെ' പിൻബലത്തോടെ യഹൂദർ സ്വന്തമാക്കിക്കൊണ്ടിരിക്കുന്ന ദയദീന കാഴ്ച മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്നതാണ്. വൃദ്ധരും സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിസ്സഹായർക്ക് മുന്നിൽ അയൽരാജ്യങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ അവരുടെ അതിർത്തിയും കൊട്ടിയടക്കുമ്പോഴുള്ള നിസ്സഹായത കണ്ടുനിൽക്കാൻ ക്രൂരതയുടെ പര്യായമായ യഹൂദർക്ക് മാത്രമെ സാധിക്കുകയുള്ളൂ.**

റ്റത്തെ ഇന്ന് കാണാനാവുന്നത്. സ്വന്തം നാട്ടിലെ ജീവിതസാഹചര്യം പ്രതികൂലവുമാകുന്ന സാഹചര്യത്തിൽ ഭൂമുഖത്ത് വിവിധ രാജ്യങ്ങളിലേക്ക് കുടിയേറ്റം വ്യാപകമായി സംഭവിക്കാറുണ്ട്. ശാന്തവും സമാധനാപൂർണവുമായ ജീവിത സാഹചര്യങ്ങളെ അന്വേഷിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പലരും കുടിയേറുന്നു. പക്ഷേ, അതൊന്നും അഭയം നൽകിയ നാട്ടിൽ അട്ടിമറി നടത്തിയും അവിടെയുള്ളവരെ കുടിയിറക്കിയും അവരുടെ വാസസ്ഥലവും സമ്പത്തും കൃഷിയിടങ്ങളും കൊള്ളയടിച്ച് സ്വന്തമാക്കുകയെന്ന ലക്ഷ്യത്തിലല്ല. അങ്ങനെ സംഭവിക്കാനും പാടില്ല.

പക്ഷേ, ക്രൂരമനസ്സിന്റെ ഉടമകളായ യഹൂദരുടെ ഡയറിയിൽ കുടിയേറ്റത്തിന് നൽകപ്പെട്ടിരിക്കുന്ന നിർവചനം ഇപ്പറഞ്ഞതൊക്കെയാണ്. തലമുറകളായി പൂർവികരിലൂടെ കൈവശംവെച്ചനുഭവിച്ചുപോരുന്ന ഭൂമിയും സമ്പത്തും കിടപ്പാടവുമെല്ലാം ഇസ്രയേൽ സൈന്യത്തിന്റെ സഹായത്തോടെ 'ലോകപോലീസിന്റെ' പിൻബലത്തോടെ യഹൂദർ സ്വന്തമാക്കിക്കൊണ്ടിരിക്കുന്ന ദയദീന കാഴ്ച മനുഷ്യമനസ്സാക്ഷിയെ മരവിപ്പിക്കുന്നതാണ്. വൃദ്ധരും സ്ത്രീകളും കുട്ടികളുമടങ്ങുന്ന നിസ്സഹായർക്ക് മുന്നിൽ അയൽരാജ്യങ്ങൾ ഇത്തരം സന്ദർഭങ്ങളിൽ അവരുടെ അതിർത്തിയും കൊട്ടിയടക്കുമ്പോഴുള്ള നിസ്സഹായത കണ്ടുനിൽക്കാൻ ക്രൂരതയുടെ പര്യായമായ യഹൂദർക്ക് മാത്രമെ സാധിക്കുകയുള്ളൂ. കുടിയേറ്റമെന്നാൽ അതിന് കൊള്ള അഥവാ പിടിച്ചുപറി എന്നുകൂടി അർഥമുണ്ടെന്ന് ധ്വനിപ്പിക്കാൻ ശ്രമിക്കുകയാണ് ഇതിലൂടെ യഹൂദർ.

**ഒട്ടകത്തിന് ഇടംകൊടുത്ത അറബിയുടെ ദുരന്തം**

കൊടും തണുപ്പിൽനിന്നും രക്ഷതേടാൻ ടെന്റിനകത്തെ അറബിയോട് തലമാത്രം അകത്തുകയറ്റി ചൂട് ആസ്വദിക്കാൻ അവസരം ചോദിച്ച 'ഭീകരനായ ഒട്ടകം' ക്രമേണ തന്റെ തലയും ഉടലുമെല്ലാം അകത്തുകയറ്റിയതോടെ അറബി അയാൾ അറിയാതെതന്നെ പുറത്തായ കഥ നമ്മളെല്ലാം പലപ്പോഴും 'ബാല്യസാഹിത്യത്തിന്റെ പട്ടികയിൽ' വായിച്ചിട്ടുണ്ടാകും.






**അഭയംനൽകിയ അറബികളെ പിന്നീട് പുറംകാൽകൊണ്ട് നിഷ്കരുണം ചവിട്ടിപ്പുത്താക്കാൻ അധ്വാനിക്കുകയും ചെയ്യുന്ന കൗശലക്കാരക്കാരും വക്രബുദ്ധികളുമായ യഹൂദരുടെ നയപരമായ കുടിയിറക്കൽ അജണ്ടയെ തുറന്നുകാട്ടുന്നതാണ് ഈ കഥയുടെ ഉള്ളടക്കമെന്ന് മനസ്സിലാകാൻ പിന്നെയും കാലങ്ങൾ ഏറെ വേണ്ടിവന്നു. ഇതേ അജണ്ടകൾതന്നെ ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുന്ന സംഘപരിവാര ഫാസിസ്റ്റുകളും യഹൂദ സിയോണിസ്റ്റുകളും ക്രിസംഘികളും ഭായി ഭായികളാണെന്നും നാം മനസ്സിലാക്കിയിരിക്കുക. സംഘപരിവാരങ്ങൾക്ക് ശക്തമായ വേരോട്ടമില്ലാത്ത കേരളത്തിലെ ചിലപ്രദേശങ്ങളിൽ രാഷ്ട്രീയത്തിലെ അറിയപ്പെടുന്ന ചില പ്രബല മുന്നണികൾ ഈ ദൗത്യം ഏറ്റെടുത്ത് വിജയകരമായി നിർവഹിക്കാൻ ത്യാഗംചെയ്യുന്നതും ഈ സന്ദർഭത്തിൽ ചേർത്തുവായിക്കേണ്ടതാണ്.**

നിഷ്കളങ്കരായ ഫലസ്തീനിയൻ അറബികൾക്ക് മുന്നിൽ പരാതിയുടെയും പരിഭവങ്ങളുടെയും ഭാണ്ഡക്കെട്ടുകൾ നിരത്തി, അവശതയഭിനയിച്ച് യാചകരായി കുടിയേറുകയും അഭയംനൽകിയ അറബികളെ പിന്നീട് പുറംകാൽകൊണ്ട് നിഷ്കരുണം ചവിട്ടിപ്പുത്താക്കാൻ അധ്വാനിക്കുകയും ചെയ്യുന്ന കൗശലക്കാരും വക്രബുദ്ധികളുമായ യഹൂദരുടെ നയപരമായ കുടിയിറക്കൽ അജണ്ടയെ തുറന്നുകാട്ടുന്നതാണ് ഈ കഥയുടെ ഉള്ളടക്കമെന്ന് മനസ്സിലാകാൻ പിന്നെയും കാലങ്ങൾ ഏറെ വേണ്ടിവന്നു. ഇതേ അജണ്ടകൾതന്നെ ഇന്ത്യയിൽ നടപ്പാക്കാൻ ശ്രമിക്കുന്ന സംഘപരിവാര ഫാസിസ്റ്റുകളും യഹൂദ സിയോണിസ്റ്റുകളും ക്രിസംഘികളും ഭായി ഭായികളാണെന്നും നാം മനസ്സിലാക്കിയിരിക്കുക. സംഘപരിവാരങ്ങൾക്ക് ശക്തമായ വേരോട്ടമില്ലാത്ത കേരളത്തിലെ ചിലപ്രദേശങ്ങളിൽ രാഷ്ട്രീയത്തിലെ അറിയപ്പെടുന്ന ചില പ്രബല മുന്നണികൾ ഈ ദൗത്യം ഏറ്റെടുത്ത് വിജയകരമായി നിർവഹിക്കാൻ ത്യാഗംചെയ്യുന്നതും ഈ സന്ദർഭത്തിൽ ചേർത്തുവായിക്കേണ്ടതാണ്.

യഹൂദരാഷ്ട്രം പ്രഖ്യാപിക്കപ്പെട്ടതിനെ തുടർന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും ചെല്ലും ചെലവും നൽകി ഒട്ടനവധി രാജ്യ-സമൂഹങ്ങളെ വാഗ്ദത്തഭൂമിയെന്ന ഓമനപ്രചാരണം മുൻനിർത്തി ഇസ്രയേലിലേക്ക് കുടിയേറ്റിക്കൊണ്ടിരിക്കുകയാണ് യഹൂദ അധികാരികൾ. കേരളം, ത്രിപുര, ആസാം, നാഗാലാന്റ്, മണിപ്പൂർ പിന്നെ നേപ്പാൾ തുടങ്ങിയ നാടുകളിൽനിന്നെത്തിച്ച ഭാഗ്യാന്വേഷികളാണ് യഹൂദ സാമ്രാജ്യത്വത്തിന്റെ 'ഭാരം താങ്ങികളായി' സോഷ്യൽ മീഡിയയിൽ വിഷം വിതച്ചും ചവച്ചുതുപ്പിയും ഇന്ന് നിലകൊള്ളുന്നത്. എല്ലാ അർഥത്തിലും ശക്തിസംഭരിക്കുകയെന്ന ലക്ഷ്യത്തിലാണ് ഈ പ്രവർത്തനങ്ങൾ.

**യഹൂദൻ എന്നവിളിപ്പേര് ഭാരമാകുന്നോ?**

ദൈവത്തിന്റെയും വിശ്വാസത്തിന്റെയും വാഗ്ദത്ത ഭൂമിയെന്ന ഓമനപ്പേരിലും സജീവത നിലനിർത്തുന്നതിന്നിടയിലും യഹൂദർ എന്ന് അറിയപ്പെടാൻ ഇവർക്ക് താൽപര്യമില്ലെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. യഹൂദർ എന്നതിനെക്കാളും ഇവർ തങ്ങളെപ്പറ്റി കൂടുതലായി എഴുതുന്നതും പരിചയപ്പെടുത്തുന്നതും വാഗ്ദത്തഭൂമിയിലെ വിശുദ്ധന്മാർ, ഇസ്രയേലുകാർ/ഇസ്രയേലികൾ എന്നാണ്. ബനൂഇസ്റാഈൽ എന്ന പ്രയോഗത്തിന്റെ ഉത്ഭവം പ്രവാചകനായ യഅ്ഖൂബി(അ)ൽനിന്നുമാണ്. അദ്ദേഹത്തിന് ഇസ്റാഈൽ എന്നും വിളിപ്പേരുണ്ടായിരുന്നു. രണ്ടു പദങ്ങൾ കൂടിച്ചേർന്നാണ് ഇസ്റാഈൽ എന്ന പദം രൂപപ്പെട്ടിരിക്കുന്നത്. 'ഇസ്റാ' എന്നതിന് 'ദാസൻ' എന്നും 'ഈൽ' എന്നതിന് ഹിബ്രു ഭാഷയിൽ ദൈവമെന്നും അർഥമുണ്ട്. അതിനാൽ ഹിബ്രു ഭാഷയിൽ ദൈവദാസൻ എന്നാണ് ഇതിന്റെ വിവക്ഷ. വക്രതയുടെ വക്താക്കളെ ഇസ്റാഈലികൾ എന്ന് പരിചപ്പെടുത്തുന്നതിലൂടെ ഇവരുടെ ചരിത്രപരമായ ക്രൂരതകളെ നാം അറിഞ്ഞോ അറിയാതെയോ വിസ്മരിക്കാൻ ശ്രമിക്കുകയാണ്. അതിനാൽ സയണിസ്റ്റുകളെന്ന സംബോധനയാകും ഇവർക്ക് എന്നും ഇപ്പോഴും അനുയോജ്യമാവുക.

ബ്രിട്ടീഷ് യുഗത്തിൽ രൂപംപ്രാപിച്ച ഇന്ത്യയിലെ ഒട്ടുമിക്ക ദുരൂഹ പ്രസ്ഥാനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. ഖാദിയാനി മതക്കാരുടെ അവസ്ഥയും ഏകദേശം ഇതിനു സമാനമാണ്. പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിലെ ഖാദിയാൻ ഗ്രാമത്തിൽ ജനിച്ച വ്യക്തിയാണ്

ഇതിന്റെ സ്ഥാപകനേതാവ് മിർസാഗുലാം അഹ്മദ് ഖാദിയാനി. ഖാദിയാൻ ഗ്രാമത്തിലെ വ്യക്തിയെന്ന നിലയിൽ ഇദ്ദേഹം ഖാദിയാനി എന്നറിയപ്പെട്ടു. എന്നാൽ പിൽക്കാലത്ത് ഖാദിയാനികൾ എന്ന നാമകരണവും പ്രയോഗവും അത് അവരുടെ ശത്രുക്കളുടെ നിർമിതിയാണെന്ന മട്ടിലാണ് ഖാദിയാനികളുടെ പ്രചാരണം. ഞങ്ങൾ ഖാദിയാനികളല്ല-അഹ്മദികളാണെന്നാണ് അവരുടെ വാദം. ബ്രിട്ടീഷ് ഉൽപന്നമായ ബറേലവികളും പിന്നെ ശിയാക്കളും ഒർജിനൽ പേരിനെ ഭയക്കുന്നവരാണ്. ഞങ്ങൾ 'ഇസ്നാ അശരി'കളാണെന്ന് ശിയാക്കളും, ഞങ്ങൾ 'അഹല്സുന്ന വൽജമാഅ' ആണെന്ന് ബറേലവികളും പ്രചരിപ്പിച്ചു വരുന്നു. ചുരുക്കത്തിൽ യഹൂദരെപ്പോലെതന്നെ എല്ലാ നിലൂഢ സംഘങ്ങളും തങ്ങളുടെ ഒർജിനൽ ഐഡന്റിറ്റിയെ വെളിപ്പെടുത്താൻ ഇഷ്ടപ്പെടുന്നില്ല.

**ആദർശം സ്വീകരിക്കാതെ പാരമ്പര്യം അവകാശപ്പെടുന്നവർ**

ദൈവദാസനും പ്രവാചകനുമായ യഅ്ക്വൂബി(അ)നെ സംബന്ധിച്ചിടത്തോളം എല്ലാ അർഥത്തിലും ബനൂഇസ്റാഈൽ എന്ന പേരും പരിചയപ്പെടുത്തലും ശരിതന്നെയാണ്. പക്ഷേ, തങ്ങൾ പ്രവാചകനായ യാക്കോബിന്റെ പിൻതലമുറക്കാരാണെന്ന് ന്യായമുന്നയിക്കാൻ ശ്രമിക്കുന്ന ക്രൂരതയുടെ പര്യായങ്ങളായ യഹൂദരെ സംബന്ധിച്ചിടത്തോളം ഈ ന്യായത്തിന് കടലും കടലാടിയും തമ്മിലുള്ള അന്തരമുണ്ട്. അടിയുറച്ച ഏകദൈവവിശ്വാസിയും ഭക്തനും ദൈവദാസനും എല്ലാറ്റിനും ഉപരിയായി ദൈവത്താൽ നിയുക്തനായ പ്രവാചകനുമായ യാക്കോബ് (യഅ്ക്വൂബ്) നാളെ അന്ത്യദിനത്തിൽ യഹൂദികളെയും അവരുടെ സിദ്ധാന്തങ്ങളെയും പ്രവാചകന്മാരെപ്പറ്റി അവർ പ്രചരിപ്പിച്ചിരുന്ന വ്യാജവർത്തമാനങ്ങളെയും തള്ളിപ്പറയുമെന്ന കാര്യത്തിൽ മുസ്‌ലിം സമൂഹത്തിന് സംശയം ലവലേശമില്ല.

അടിയുറച്ച ഏകദൈവ വിശ്വാസത്തിന്റെ വക്താവും പ്രചാരകനുമായിരുന്ന ദൈവദാസനായ യഅ്ക്വൂബിന്റെ(അ) പേരിൽ പാരമ്പര്യവും അനന്തരാവകാശവും അവകാശപ്പെടണമെങ്കിൽ യഹൂദർക്കും മറ്റെല്ലാവർക്കുമുണ്ടായിരിക്കേണ്ട യോഗ്യത ക്വുർആനിൽ അല്ലാഹു പറഞ്ഞതാണ്: "ഇബ്റാഹീംതന്റെ മക്കളോടും യഅ്ക്വൂബിനോടും വസ്വിയ്യത്ത് ചെയ്തു; മക്കളേ! നിശ്ചയം, അല്ലാഹു നിങ്ങൾക്ക് മതത്തെ തിരഞ്ഞെടുത്ത് നൽകിയിരിക്കുന്നു. അതിനാൽ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ നിങ്ങൾ തീർച്ചയായും മരണപ്പെടരുത്..." (2:132).

ഞങ്ങൾ യാക്കോബിന്റെയും അബ്രഹാമിന്റെയും പിൻതലമുറക്കാരെന്ന ദുരഭിമാനവുമായി നടക്കുന്ന യഹൂദികൾ പിന്നീട് യാക്കോബും മരണപ്പെടുന്ന സമയത്ത് മക്കളോടു പറഞ്ഞത് മനസ്സിലാക്കേണ്ടതുണ്ട്. അല്ലാഹു പറയുന്നു: "യഅ്ക്വൂബ് മരണാസന്നനായ സമയം തന്റെ മക്കളോട് ചോദിച്ചു: 'എനിക്ക് ശേഷം എന്തിനെയാകും നിങ്ങൾ ആരാധിക്കുക?' അവർ പറഞ്ഞു: 'നിങ്ങളുടെ ആരാധ്യനും നിങ്ങളുടെ പിതാക്കളായ ഇബ്റാഹീമിന്റെയും ഇസ്മാഈലിന്റെയും ഇസ്ഹാക്വിന്റെയും ആരാധ്യനായുള്ളവനെ, അതെ, ഒരേയൊരു ആരാധ്യനെ ഞങ്ങൾ ആരാധിക്കും. ഞങ്ങൾ മുസ്‌ലിംകളും ആയിരിക്കും" (2:133).

എല്ലാവരും പ്രവാചകന്റെയും വേദഗ്രന്ഥത്തിന്റെയും അനു



**എല്ലാവരും പ്രവാചകന്റെയും വേദഗ്രന്ഥത്തിന്റെയും അനുയായികളല്ലേ, വിശുദ്ധ ഭൂമിയുടെ അവകാശം യഹൂദർക്കുകൂടി വകവെച്ചു കൊടുത്താലെന്താണ് എന്നൊക്കെ കഥയറിയാതെ ചോദ്യങ്ങളുന്നയിക്കുന്നവർ ഇന്ന് സമൂഹത്തിൽ വ്യാപകമാണ്. അവർക്കുകൂടിയാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രപഞ്ച സ്രഷ്ടാവ് നൽകിയ ഈ വിശദീകരണം. പ്രവാചകന്റെയും വേദഗ്രന്ഥത്തിന്റെയും അനുയായികളാണെന്ന് കേവലം അവകാശവാദം മാത്രമുന്നയിച്ചാൽ പോരാ, വിശ്വാസത്തിലും ആദർശത്തിലും സ്വീകരിക്കേണ്ട മര്യാദകൂടി അല്ലാഹു അവർക്ക് പഠിപ്പിച്ചുകൊടുത്തു. ഈ പറയപ്പെട്ട ആദർശത്തിന് വിരുദ്ധമായി, ബഹുദൈവാരാധനയും വീരസങ്കൽപവും കാപട്യവും കൊള്ളയും പിടിച്ചുപറിയും മുഖമുദ്രയാക്കിയ യഹൂദർക്ക് കേവലം പൊള്ളയായ അവകാശവാദങ്ങളല്ലാതെ മറ്റൊന്നുമില്ലെന്ന് ഇവിടെ ചരിത്രപരമായി തെളിയിക്കപ്പെട്ടുകഴിഞ്ഞു.**

യായികളല്ലേ, വിശുദ്ധഭൂമിയുടെ അവകാശം യഹൂദർക്കുകൂടി വകവെച്ചുകൊടുത്താലെന്താണ് എന്നൊക്കെ കഥയറിയാതെ ചോദ്യങ്ങളുന്നയിക്കുന്നവർ ഇന്ന് സമൂഹത്തിൽ വ്യാപകമാണ്. അവർക്കു കൂടിയാണ് നൂറ്റാണ്ടുകൾക്ക് മുമ്പ് പ്രപഞ്ച സ്രഷ്ടാവ് നൽകിയ ഈ വിശദീകരണം. പ്രവാചകന്റെയും വേദഗ്രന്ഥത്തിന്റെയും അനുയായികളാണെന്ന് കേവലം അവകാശവാദം മാത്രമുന്നയിച്ചാൽ പോരാ, വിശ്വാസത്തിലും ആദർശത്തിലും സ്വീകരിക്കേണ്ട മര്യാദകൂടി അല്ലാഹു അവർക്ക് പഠിപ്പിച്ചുകൊടുത്തു. ഈ പറയപ്പെട്ട ആദർശത്തിന് വിരുദ്ധമായി, ബഹുദൈവാരാധനയും വീരസങ്കൽപവും കാപട്യവും കൊള്ളയും പിടിച്ചുപറിയും മുഖമുദ്രയാക്കിയ യഹൂദർക്ക് കേവലം പൊള്ളയായ അവകാശവാദങ്ങളല്ലാതെ മറ്റൊന്നുമില്ലെന്ന് ഇവിടെ ചരിത്രപരമായി തെളിയിക്കപ്പെട്ടു കഴിഞ്ഞു.

### അവസരോചിതമായ മതപരിവർത്തനം

വളരെ സുപ്രധാനമായ ഒരു പോയിന്റ് ഇവിടെ പ്രത്യേകം ശ്രദ്ധേയമാണ്. യൂറോപ്പിലും റഷ്യയിലും ലോകത്തിന്റെ വിവിധകോണുകളിലുമായി ഛിന്നഭിന്നമായി, കുടിയേറ്റക്കാരായി കഴിഞ്ഞുവരുന്ന യഹൂദരിൽ ഏകദേശം 92%ത്തിൽ അധികവും അടിസ്ഥാനപരമായി യഹൂദരോ യഹൂദവംശത്തിൽ ജനിച്ചുവളർന്നവരോ അല്ല. ഈ വിഷയത്തിൽ നടത്തപ്പെട്ട ആധികാരികമായ പല പഠനങ്ങളും ഈ വസ്തുതയെ തുറന്നുകാട്ടിയിട്ടുണ്ട്. 'വിശുദ്ധഭൂമിയുടെ അവകാശികളും പരമ്പരാഗത അവകാശികളു'മെന്ന നിലയിൽ ഇവർ ഉന്നയിക്കുന്ന വാദങ്ങൾ ഈ വിഷയത്തിൽ കേവലം വ്യാജം മാത്രമാണെന്ന് തെളിയിക്കപ്പെടുന്നു. പേർഷ്യൻ/തുർക്കി തലമുറകളിൽ വേരുകളുള്ള നല്ലൊരുവിഭാഗം പിന്നീട് അവസരം മനസ്സിലാക്കി യഹൂദരായി സ്വയം പ്രഖ്യാപിക്കുകയായിരുന്നുവെന്നാണ് നരവംശശാസ്ത്ര ഗവേഷകരുടെ നിഗമനം.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും വാഗ്ദത്തഭൂമിയെന്ന പ്രലോഭനത്തിൽ ജീവിതസാഹചര്യങ്ങളും സമ്പത്തും കൃഷിഭൂമിയും വാഗ്ദാനമായി ലഭിച്ച് ഇസ്രയേലിൽ എത്തിയവരിൽ ഹിന്ദുമതവിശ്വാസികളായ നേപ്പാളികളും മണിപ്പൂരികളുംവരെ ഉണ്ടെന്നതാണ് യാഥാർഥ്യം. ജീവിതാവശ്യങ്ങൾക്കായി ഇസ്രയേലിൽ എത്തപ്പെട്ട ചില മലയാളികളും സോഷ്യൽ മീഡിയയിലൂടെ തങ്ങൾ യഹൂദരാണെന്ന ഉണർത്തുപാട്ടുമായി ഇടക്കിടെ രംഗത്ത് വരാറുണ്ട്. എന്തർഥത്തിലാണ്, എങ്ങനെയാണ് ഇവർ യഹൂദരായത്? എത്ര ആലോചിച്ചിട്ടും മനസ്സിലാകാത്ത ഒരു 'സങ്കീർണ പരിണാമസിദ്ധാന്ത'മായി ഈ വാദം നിലകൊള്ളുന്നു.

അതിക്രമികളും പിടിച്ചുപറിക്കാരും കൊള്ളക്കാരുമായ ഒരു സമൂഹത്തെ യഹൂദർ എന്നതിന് പകരമായി ഇസ്റാഈലികൾ എന്ന് വിളിക്കുന്നതുപോലും സത്യസന്ധതക്ക് വിരുദ്ധമാണ്. കാരണം ഇസ്റാഈൽ എന്നത് യഅ്ക്കൂബ് നബി(അ)യുടെ മറ്റൊരു വിളിപ്പേരാണ്. അതിക്രമവും അട്ടിമറിയും പ്രമാണമായി ജീവിതത്തിൽ സ്വീകരിച്ച ഒരു സമൂഹത്തെ ഒരു പ്രവാചകന്റെ അറിയപ്പെട്ട പേരിൽ വസ്തുതകൾക്ക് വിരുദ്ധമായി സംബോധന ചെയ്യുന്നത് സത്യസന്ധതക്ക് നിരക്കാത്തതും അനീതിയും അനർഹവുമാണ്. അതിനാൽ യഹൂദർ എന്നതിനെക്കാളും 'സയണിസ്റ്റുകൾ' എന്ന നാമംതന്നെയാകും ഇവർക്ക് എന്നും ഏറ്റവും അനുയോജ്യം. യഹൂദർക്ക് അത് അനിഷ്ടകരമാവുമെങ്കിലും ശരി.



**യൂറോപ്പിലും റഷ്യയിലും ലോകത്തിന്റെ വിവിധകോണുകളിലുമായി ഛിന്നഭിന്നമായി, കുടിയേറ്റക്കാരായി കഴിഞ്ഞുവരുന്ന യഹൂദരിൽ ഏകദേശം 92%ത്തിൽ അധികവും അടിസ്ഥാനപരമായി യഹൂദരോ യഹൂദവംശത്തിൽ ജനിച്ചുവളർന്നവരോ അല്ല. ഈ വിഷയത്തിൽ നടത്തപ്പെട്ട ആധികാരികമായ പല പഠനങ്ങളും ഈ വസ്തുതയെ തുറന്നുകാട്ടിയിട്ടുണ്ട്. 'വിശുദ്ധഭൂമിയുടെ അവകാശികളും പരമ്പരാഗത അവകാശികളു'മെന്ന നിലയിൽ ഇവർ ഉന്നയിക്കുന്ന വാദങ്ങൾ ഈ വിഷയത്തിൽ കേവലം വ്യാജം മാത്രമാണെന്ന് തെളിയിക്കപ്പെടുന്നു. പേർഷ്യൻ/തുർക്കി തലമുറകളിൽ വേരുകളുള്ള നല്ലൊരുവിഭാഗം പിന്നീട് അവസരം മനസ്സിലാക്കി യഹൂദരായി സ്വയം പ്രഖ്യാപിക്കുകയായിരുന്നുവെന്നാണ് നരവംശശാസ്ത്ര ഗവേഷകരുടെ നിഗമനം**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
39

# സൂറ: അസ്സുമർ
## (കൂട്ടങ്ങൾ)
(മക്കയിൽ അവതരിച്ചത്)

قُلْ إِنِّيٓ أُمِرْتُ أَنْ أَعْبُدَ ٱللَّهَ مُخْلِصًا لَّهُ ٱلدِّينَ ﴿١١﴾
وَأُمِرْتُ لِأَنْ أَكُونَ أَوَّلَ ٱلْمُسْلِمِينَ ﴿١٢﴾
قُلْ إِنِّيٓ أَخَافُ إِنْ عَصَيْتُ رَبِّى عَذَابَ يَوْمٍ عَظِيمٍ
﴿١٣﴾
قُلِ ٱللَّهَ أَعْبُدُ مُخْلِصًا لَّهُۥ دِينِى ﴿١٤﴾
فَٱعْبُدُوا۟ مَا شِئْتُم مِّن دُونِهِۦ ۗ قُلْ إِنَّ ٱلْخَٰسِرِينَ ٱلَّذِينَ
خَسِرُوٓا۟ أَنفُسَهُمْ وَأَهْلِيهِمْ يَوْمَ ٱلْقِيَٰمَةِ ۗ أَلَا ذَٰلِكَ
هُوَ ٱلْخُسْرَانُ ٱلْمُبِينُ ﴿١٥﴾
لَهُم مِّن فَوْقِهِمْ ظُلَلٌ مِّنَ ٱلنَّارِ وَمِن تَحْتِهِمْ
ظُلَلٌ ۚ ذَٰلِكَ يُخَوِّفُ ٱللَّهُ بِهِۦ عِبَادَهُۥ ۚ يَٰعِبَادِ فَٱتَّقُونِ
﴿١٦﴾
وَٱلَّذِينَ ٱجْتَنَبُوا۟ ٱلطَّٰغُوتَ أَن يَعْبُدُوهَا وَأَنَابُوٓا۟ إِلَى
ٱللَّهِ لَهُمُ ٱلْبُشْرَىٰ ۚ فَبَشِّرْ عِبَادِ ﴿١٧﴾

11. പറയുക: കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്.
12. ഞാൻ കീഴ്പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കുന്നു.
13. പറയുക: ഞാൻ എന്റെ രക്ഷിതാവിനെ ധിക്കരിക്കുന്നപക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാ ൻ പേടിക്കുന്നു.
14. പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്. എന്റെ കീഴ്‌വണക്കം അവന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്.
15. എന്നാൽ നിങ്ങൾ അവന്നു പുറമെ നിങ്ങൾ ഉദ്ദേശിച്ചതിന് ആരാധന ചെയ്തുകൊള്ളുക. പറയുക: ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങൾക്കും തങ്ങളുടെ ആളുകൾക്കും നഷ്ടം വരുത്തിവെച്ചതാരോ അവരത്രെ തീർച്ചയായും നഷ്ടക്കാർ. അതു തന്നെയാണ് വ്യക്തമായ നഷ്ടം
16. അവർക്ക് അവരുടെ മുകൾ ഭാഗത്ത് തീയിന്റെ തട്ടുകളുണ്ട്. അവരുടെ കീഴ്ഭാഗത്തുമുണ്ട് തട്ടുകൾ. അതിനെപ്പറ്റിയാകുന്നു അല്ലാഹു തന്റെ ദാസന്മാരെ ഭയപ്പെടുത്തുന്നത്. ആകയാൽ എന്റെ ദാസൻമാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ.
17. ദുർമൂർത്തിയെ-അതിനെ ആരാധിക്കുന്നത്- വർജിക്കുകയും അല്ലാഹുവിലേക്ക് വിനയത്തോടെ മടങ്ങുകയും ചെയ്തവരാരോ അവർക്കാണ് സന്തോഷവാർത്ത. അതിനാൽ എന്റെ ദാസൻമാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക.

11). (പറയുക) പ്രവാചകരേ, ജനങ്ങളോട് പറയുക. (കീഴ്‌വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുവാനാണ് ഞാൻ കൽപിക്കപ്പെട്ടിട്ടുള്ളത്) ഈ സൂറത്തിന്റെ തുടക്കത്തിലും ഇക്കാര്യം പറയുന്നുണ്ട്. (കീഴ്‌വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുക).

12). (ഞാൻ കീഴ്പ്പെടുന്നവരിൽ ഒന്നാമനായിരിക്കണമെന്നും എനിക്ക് കൽപന നൽകപ്പെട്ടിരിക്കു

ന്നു). മനുഷ്യർക്ക് അവരുടെ രക്ഷിതാവിങ്കലേക്ക് വഴി കാണിച്ചുകൊടുക്കുന്നവനാണു ഞാൻ. അതിനാൽ കൽപിക്കുന്ന കാര്യം ഞാൻ ആദ്യം ചെയ്യേണ്ടതുണ്ട്. ഒന്നാമത്തെ മുസ്‌ലിം ഞാനാകണം. ഈ കാര്യം ആദ്യം മുഹമ്മദ് നബി(സ്വ)യിൽനിന്നുണ്ടാകണം; അദ്ദേഹത്തെ പിൻപറ്റുന്നു എന്ന് പറയുന്നവരിൽനിന്നും. തീർച്ചയായും ഇസ്‌ലാമിൽ പ്രത്യക്ഷമായ കർമങ്ങളുണ്ട്. പ്രത്യക്ഷമായും പരോക്ഷമായുമുള്ള കർമങ്ങളിൽ ആത്മാർഥതയും ഉണ്ടായിരിക്കണം.

13). (ഞാൻ എന്റെ രക്ഷിതാവിനെ ധിക്കരിക്കുന്ന പക്ഷം ഞാൻ ഭയപ്പെടുന്നു) എന്റെ ഇസ്‌ലാമിലും ഇഖ്‌ലാസിലും ഞൻ വീഴ്ചവരുത്തുന്നപക്ഷം. (ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ). ശിർക്ക് ചെയ്യുന്നവർ അതിൽ ശാശ്വതമായിരിക്കും. തെറ്റ് ചെയ്തവർ അതിൽ ശിക്ഷിക്കപ്പെടും.

14,15). (പറയുക: അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്. എന്റെ കീഴ്‌വണക്കം അവന് നിഷ്‌കളങ്കമാക്കിക്കൊണ്ട്. എന്നാൽ നിങ്ങൾ അവനുപുറമെ നിങ്ങൾ ഉദ്ദേശിച്ചതിന് ആരാധന ചെയ്തുകൊള്ളുക) ഈ ആശയം തന്നെയാണ് അല്ലാഹു സുറതുൽ കാഫിറൂനിൽ പറയുന്നത്.

قُلْ يَٰٓأَيُّهَا ٱلْكَٰفِرُونَ ﴿١﴾ لَآ أَعْبُدُ مَا تَعْبُدُونَ ﴿٢﴾ وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٣﴾ وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾ وَلَآ أَنتُمْ عَٰبِدُونَ مَآ أَعْبُدُ ﴿٥﴾ لَكُمْ دِينُكُمْ وَلِىَ دِينِ ﴿٦﴾

"(നബിയേ) പറയുക: അവിശ്വാസികളേ, നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനുമല്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും."

(പറയുക, തീർച്ചയായും നഷ്ടക്കാർ) യഥാർഥത്തിൽ അവർ. (സ്വദേഹങ്ങൾക്ക് നഷ്ടം വരുത്തിയവർ) അക്കാരണത്താൽതന്നെ അവർക്ക് പ്രതിഫലം നഷ്ടപ്പെടുത്തുകയും ഏറ്റവും മോശമായ ശിക്ഷ അനുഭവിപ്പിക്കുകയും ചെയ്യും. (ഉയിർത്തെഴുന്നേൽപിന്റെ നാളിൽ തങ്ങളുടെ ആളുകൾക്കും നഷ്ടം വരുത്തിയവർ) കുടുംബങ്ങളെ വേർപിരിയേണ്ടി വന്നു. അതിയായ ദുഃഖമുണ്ടായി. ആ നഷ്ടം അതിഭയങ്കരമായിരിക്കും. (അതുതന്നെയാണ് വ്യക്തമായ നഷ്ടം). അതുപോലെ ഒരു നഷ്ടവുമില്ല. അവസാനിക്കാത്ത നഷ്ടം. ഇനിയൊരു രക്ഷയോ ലാഭമോ ഇല്ല.

16). തുടർന്ന് പറയുന്നതും അവർക്ക് വരാനിരിക്കുന്ന ശിക്ഷയെക്കുറിച്ചാണ്. (അവർക്ക് അവരുടെ മുകൾഭാഗത്ത് തീയിന്റെ തട്ടുകളുണ്ട്) വലിയ കാർമേഘം പോലെ തീയിന്റെ പാളികൾ. (അവരുടെ കീഴ്ഭാഗത്തുമുണ്ട് തട്ടുകൾ). (അതിനെപ്പറ്റി) നരകക്കാർക്ക് വരുന്ന ശിക്ഷയെക്കുറിച്ച് അല്ലാഹു നൽകുന്ന ഈ വിവരണത്തിലൂടെ അല്ലാഹു അവന്റെ അടിമകളെ അവന്റെ കാരുണ്യത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. (അല്ലാഹു തന്റെ ദാസന്മാരെ ഭയപ്പെടുത്തുന്നത്. ആകയാൽ എന്റെ ദാസന്മാരേ, നിങ്ങൾ എന്നെ സൂക്ഷിക്കുവിൻ) ദൗർഭാഗ്യവാന്മാർക്ക് തയ്യാറാക്കിയ ശിക്ഷ തന്റെ നല്ലവരായ ദാസന്മാരെ സ്വർഗത്തിന് പ്രേരിപ്പിക്കുന്നതാണ്; ശിക്ഷ അനിവാര്യമാക്കുന്ന കാര്യങ്ങൾ വിട്ടകലാനും. എല്ലാ കാര്യത്തിലും തന്റെ ദാസന്മാരോട് കരുണ ചെയ്യുന്ന അല്ലാഹു മഹാപരിശുദ്ധൻ. അല്ലാഹുവിലേക്ക് എത്തിക്കുന്ന വഴിയെ അവൻ അവർക്ക് സുഗമമാക്കി. അതിലൂടെ സഞ്ചരിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചു. മനസ്സുകളെ അതിലേക്ക് ആഗ്രഹിപ്പിച്ചു. അതിന് വിരുദ്ധമായ പ്രവർത്തനങ്ങളെപ്പറ്റി താക്കീത് ചെയ്തു. അതിൽനിന്ന് വിട്ടുനിൽക്കേണ്ട കാരണങ്ങൾ അവരെ ബോധ്യപ്പെടുത്തി.

17). അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നവരെക്കുറിച്ചും അവർക്കുള്ള പ്രതിഫലത്തെക്കുറിച്ചുമാണ് അല്ലാഹു പറയുന്നത്. (ത്വാഗൂത്തിനെ-അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്നവയെ-ആരാധിക്കുന്നത് വർജിക്കുകയും) ഇവിടെ ത്വാഗൂത്ത് കൊണ്ട് ഉദ്ദേശ്യം അല്ലാഹു അല്ലാത്തവർക്കുള്ള ആരാധനയാണ്. അവയ്ക്കുള്ള ആരാധന നിങ്ങൾ ഉപേക്ഷിക്കണം. അഗാധജ്ഞനും യുക്തിമാനുമായ അല്ലാഹുവിന്റെ അതിസൂക്ഷ്മമായ ഒരു പ്രയോഗമാണിത്. അവയ്ക്കുള്ള ആരാധന ഉപേക്ഷിക്കുന്നവർ മാത്രമെ ഈ പ്രശംസക്ക് അർഹരാകൂ. (അല്ലാഹുവിലേക്ക് വിനയത്തോടെ മടങ്ങുകയും ചെയ്തവർ) അവനെ ആരാധിക്കുകയും കീഴ്‌വണക്കം അവന് മാത്രമാക്കുകയും ചെയ്തുകൊണ്ട്. ബിംബങ്ങളെ ആരാധിക്കുന്നതിൽനിന്നും അവരുടെ താൽപര്യം എല്ലാമറിയുന്ന രാജാധിപതിലേക്ക്, ശിർക്കിൽനിന്നും തെറ്റുകളിൽനിന്നും തൗഹീദിലേക്കും ശരിയിലേക്കും അവർ വന്നു. (അവർക്കാണ് സന്തോഷവാർത്ത) അതിന്റെ മഹത്ത്വവും വിവരണവും അല്ലാഹു പ്രത്യേകം ആദരിക്കുന്നവർക്കല്ലാതെ മറ്റാർക്കും അറിയാൻ കഴിയില്ല. ഇഹലോകത്ത് ലഭിക്കുന്ന സന്തോഷങ്ങളും ഇതിൽ ഉൾപ്പെടുത്താം. നല്ല സ്വപ്നങ്ങളും അല്ലാഹുവിൽനിന്നുള്ള പരിഗണനകളും ഇതിൽ ഉൾപ്പെടുത്താം. അല്ലാഹു ഇഹപര ലോകങ്ങളിൽ അവരെ ആദരിക്കാൻ ഉദ്ദേശിക്കുന്നു. മാത്രമല്ല, അവർക്കുള്ള സന്തോഷം പരലോകജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ലഭിക്കും. മരണസമയത്തും ഖബ്‌റിലും ഉയിർത്തെഴുന്നേൽപിലുമെല്ലാം. ഈ സന്തോഷങ്ങളുടെ പരിസമാപ്തി ഔദാര്യവാനായ അല്ലാഹു തന്റെ നിത്യമായ തൃപ്തിയും നന്മയും സംരക്ഷണവും സ്വർഗത്തിൽ വെച്ച് അവരെ അറിയിക്കുമ്പോഴാണ്.




നമ്മുടെ രാജ്യത്തെ കോടതികൾ - 39

# പൊലീസ് വകുപ്പിന്റെ ഘടന

അബൂ ആദം അയ്മൻ

സംസ്ഥാന പൊലീസ് വകുപ്പിന്റെ ഘടന ഇനി പറയും പ്രകാരമാണ്: സിവിൽ പൊലീസ് ഓഫീസർ; പൊലീസ് സേനയിലെ ആദ്യപടിയിലുള്ള ഉദ്യോഗസ്ഥൻ. സീനിയർ സിവിൽ പൊലീസ് ഓഫീസർ; സിവിൽ പൊലീസ് ഓഫീസർക്കു മുകളിലും എഎസ്ഐക്ക് താഴെയുമായുള്ള പൊലീസ് ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് പൊലീസ് സബ് ഇൻസ്പെക്ടർ (എഎസ്ഐ); സബ് ഇൻസ്പെക്ടറുടെ അഭാവത്തിൽ പൊലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പൊലീസ് ഉദ്യോഗസ്ഥൻ.

**പൊലീസ് സബ് ഇൻസ്പെക്ടർ (എസ്ഐ)**

ഒരു പൊലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന പൊലീസ് ഉദ്യോഗസ്ഥൻ. 25 വർഷത്തെ സർവീസ് പൂർത്തിയാക്കിയ സിവിൽ പൊലീസ് ഓഫീസർമാർക്ക് എഎസ്ഐ ഗ്രേഡ് നൽകുന്നതാണ്. എസ്ഐയെ സഹായിക്കൽ ചുമതലയായുള്ള ഇവർക്ക് പോലീസ് സ്റ്റേഷന്റെ ചുമതലയുണ്ടായിരിക്കുന്നതല്ല. 27 വർഷത്തെ സർവിസ് പൂർത്തിയാക്കിയ എഎസ്ഐ, ഗ്രേഡ് എഎസ്ഐ. (ജനറൽ എക്സിക്യൂട്ടീവ്, ടെക്നിക്കൽ വിഭാഗം, ആംഡ് റിസർവ്, ഡ്രൈവർ) എന്നിവർക്ക് നാലാം ഗ്രേഡും, ഒപ്പം ഗ്രേഡ് എസ്ഐ പ്രൊമോഷനും നൽകുന്നതായിരിക്കും.

**പൊലീസ് ഇൻസ്പെക്ടർ**

ഒരു പൊലീസ് സർക്കിളിലെ പൊലീസ് മേധാവി. നേരത്തെ ഈ തസ്തിക അറിയപ്പെട്ടിരുന്നത് പൊലീസ് സർക്കിൾ ഇൻസ്പെക്ടർ എന്നാണ്. 2011ലെ കേരള പൊലീസ് ആക്ട് 140ാം വകുപ്പ് 2(ഇ) ഉപവകുപ്പു പ്രകാരമാണ് ഈ പേരുമാറ്റം ഉണ്ടായത്.

**ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട് (ഡിവൈഎസ്പി)**

ഒരു പൊലീസ് സബ്ഡിവിഷനിലെ പൊലീസ് മേധാവി. എസ്പിയുടെ കീഴിലുള്ള ജില്ലാ ക്രൈം ബ്രാഞ്ച്, സ്പെഷൽ ബ്രാഞ്ച്, നാർക്കോട്ടിക് സെൽ, അഡ്മിനിസ്ട്രേഷൻ, ഡിസ്ട്രിക്ട് ക്രൈം റിക്കാർഡ്സ് ബ്യൂറോ എന്നീ പൊലീസ് വിഭാഗങ്ങളിൽ ഡിവൈഎസ്പിമാരുണ്ട്. കൂടാതെ ക്രൈം ബ്രാഞ്ച് എസ് പി, സ്പെഷൽ ബ്രാഞ്ച് എസ്പി, വിജിലൻസ് എസ്പി, സ്റ്റേറ്റ് റെയിൽവേ എസ്പി മുതലായവരുടെ കീഴിലും ഡിവൈഎസ്പിമാരുണ്ട്. ആംഡ് പൊലീസ് വിഭാഗങ്ങളിലെ ഡിവൈഎസ്പിമാർ അസിസ്റ്റന്റ് കമൻഡാന്റ് എന്ന പേരിലാണ് അറിയപ്പെടുക.

**അസിസ്റ്റന്റ് പൊലീസ് സൂപ്രണ്ട് (എഎസ്പി)**


പരിശീലനം പൂർത്തിയാക്കിയ ഐപിഎസ്സുകാരെ എഎസ്പിമാരായാണ് നിയമിക്കുന്നത്. ഡിവൈഎസ്പി തസ്തികയ്ക്കുതത്തുല്യമാണ് ഈ തസ്തിക.

**സിറ്റി പൊലീസ് കമ്മീഷണർ**

കോർപ്പറേഷൻ പ്രദേശത്തെ പൊലീസ് മേധാവി. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കോർപ്പറേഷനുകളിൽ ഡിഐജി റാങ്കിലുള്ളവരും, കൊല്ലം, തൃശൂർ കോർപ്പറേഷനുകളിൽ എസ്പി റാങ്കിലുള്ളവരുമാണ് സിറ്റി പൊലീസ് കമ്മീഷണർമാർ. സിറ്റി പൊലീസ് കമ്മീഷണർമാർ പ്രവർത്തിക്കുന്ന ജില്ലകളിൽ കോർപ്പറേഷൻ പരിധിക്കു വെളിയിൽ വരുന്ന ജില്ലാ പ്രദേശങ്ങളുടെ ചുമതല അതത് റൂറൽ എസ്പിമാർക്കാണ്.

**പൊലീസ് സൂപ്രണ്ട് (എസ്പി)**

പൊലീസ് ആസ്ഥാനത്തെ അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ. സ്റ്റേറ്റ് റെയിൽവേ പൊലീസിന്റെ ചുമതല വഹിക്കുന്ന എസ്പി, ക്രൈംബ്രാഞ്ച്, വിജിലൻസ്, സ്പെഷൽ ബ്രാഞ്ച് എന്നീ പൊലീസ് വിഭാഗങ്ങൾ ഓരോന്നിന്റെയും ചുമതല വഹിക്കുന്ന എസ്പിമാർ എന്നിവർ ഈ ഗണത്തിൽപ്പെടും. ആംഡ് പൊലീസ് വിഭാഗങ്ങളിലെ എസ്പിമാർ കമൻഡാന്റ് (Commandant) എന്ന പേരിലാണ് അറിയപ്പെടുന്നത്. ജില്ലാ എസ്പി ഒരു പൊലീസ് ജില്ലയിലെ പൊലീസ് മേധാവിയാണ്.



# ഒരു കുഞ്ഞു വസ്വിയ്യത്ത്

ഹുസ്ന മലോറം

മരണം പടിവാതിൽക്കൽ
എത്തിയതിനാലാവാം
ആ കുഞ്ഞുമനസ്സ്
ഒടുവിലത്തെ വരി
കുറിച്ചിട്ടത്.
ഒരുക്കൂട്ടിവെച്ച
ചില്ലറക്കാശുകൾ
പേരെടുത്തു പറഞ്ഞ്
അവൾ വിഹിതം വെച്ചു.
കുഞ്ഞു കളിപ്പാട്ടങ്ങളും
മറ്റുള്ളവയും
കൂടെപ്പിറപ്പിനും
കൂടെ പിറക്കാത്ത
കൂടെപ്പിറപ്പുകൾക്കും.
വസ്ത്രങ്ങൾ
പ്രിയപ്പെട്ടവർക്ക്,
ബാക്കിയുണ്ടേൽ
ആവശ്യക്കാർക്കും.
കുഞ്ഞു ചെരുപ്പുകൾ
പാവപ്പെട്ടവർക്ക്
കൊടുത്തേക്കുക;
ചെളി കളഞ്ഞ്
ശുദ്ധിയാക്കിയിട്ട്...!
കുഞ്ഞേ...
നീ ഒരു തുണ്ടുകടലാസിൽ
കോറിയിട്ട
നിന്റെ വസ്വിയ്യത്ത്
വായിച്ചാൽ
കണ്ണുകൾ നിറയാത്ത
ആരുണ്ട്?
ചോരയുടെ മണമുള്ള
നാട്ടിൽ നിന്ന് നീ
യാത്രയായോ...?
എങ്കിൽ നീയെത്ര ഭാഗ്യവതി!

■




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
28 October 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com